**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 2420/2017/തസ്വഭവ തിരുവനന്തപുരം, തീയതി 15.07.2017

---

പരാമർശം :- 1. സ.ഉ(പി) നം.10/2017/ആസാവ തീയതി 19.04.2017

**<u>ഉത്തരവ്</u>**

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, ആസൂത്രണം, നിർവ്വഹണം, സഹായസംവിധാനങ്ങൾ എന്നിവയെ സംബന്ധിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന്റെ ഉപാദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. പുതിയ മാലിന്യ സംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക, ഉത്തരവാദിത്ത മാലിന്യ പരിപാലനരീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ സംസ്കാരം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നിവയാണ് ഹരിതകേരളം പദ്ധതിയുടെ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ലക്ഷ്യങ്ങൾ. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വമാലിന്യ സംസ്കരണ ക്യാമ്പയിൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള നിർവ്വഹണ മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എ ഷാജഹാൻ**

**ഗവ.സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ആരോഗ്യവകുപ്പ് ഡയറക്ടർ

കൃഷി വകുപ്പ് ഡയറക്ടർ
കമ്മീഷണർ ,ഗ്രാമവികസന വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
എല്ലാപഞ്ചായത്തുകൾക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും(ഗ്രാമ വികസന കമീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും(ഗ്രാമ വികസന കമീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പി. എസ്-ന്
ബഹു. ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പി. എസ്-ന്
ബഹു. കൃഷിവകുപ്പ് മന്ത്രിയുടെ പി. എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ആരോഗ്യവകുപ്പ്/കൃഷിവകുപ്പ്/ആസൂത്രണസാമ്പത്തികകാര്യവകുപ്പ് സെക്രട്ടറിമാരുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

## ഹരിതകേരളം മിഷൻ
## ശുചിത്വ – മാലിന്യ സംസ്കരണ ഉപമിഷൻ
## നിർവ്വഹണ മാർഗ നിർദ്ദേശങ്ങൾ

### 1. ആമുഖം

സംസ്ഥാനത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ടുകൊണ്ട് നാലു വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരളംകർമ്മപദ്ധതിക്ക് തുടക്കമായി. ശുചിത്വ-മാലിന്യ സംസ്ക്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നിവ ഉൾക്കൊള്ളുന്ന "ഹരിത കേരളം" മിഷൻ, പൊതു ആരോഗ്യ മേഖലയിൽ രോഗീസൗഹൃദവും ഗുണമേന്മയുള്ളതുമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാകുന്ന "ആർദ്രം" മിഷൻ, ഭൂരഹിതർക്കും ഭവനരഹിതർക്കും സുരക്ഷിത പാർപ്പിടവും ജീവനോപാധിയും ഉറപ്പാക്കുന്ന "ലൈഫ്" മിഷൻ, പൊതുവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള "പൊതുവിദ്യാഭ്യാസ സംരക്ഷണ"യജ്ഞം എന്നിവയാണ് നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുന്ന വികസന മിഷനുകൾ.

ശുചിത്വ-മാലിന്യ സംസ്ക്കരണം, ജലവിഭവ സംരക്ഷണം, സുസ്ഥിര കൃഷി വികസനം എന്നിവ "ഹരിത കേരളം" മിഷന്റെ മൂന്ന് ഉപമിഷനുകളായിരിക്കും. ഈ ഉപമിഷനുകളുടെ പ്രവർത്തനങ്ങളെ സംസ്ഥാന-ജില്ലാ തലങ്ങളിൽ ഏകോപിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനതല മിഷനിലൂടെ പ്രാവർത്തികമാക്കുകയെന്നതുമായ സുപ്രധാന ചുമതലയാണ് ഹരിതകേരളം മിഷൻ നിർവഹിക്കുക.

**ശുചിത്വ-മാലിന്യ സംസ്ക്കരണ ഉപമിഷൻ**

കേരളത്തിലെ നഗര-നഗരപ്രാന്ത പ്രദേശങ്ങളെ അലട്ടുന്ന ഗുരുതര പ്രശ്നങ്ങളിൽ ഒന്നാണ് മാലിന്യ നിർമ്മാർജ്ജനം. ഇന്ന് അതിന്റെ രൂക്ഷത ഗ്രാമപ്രദേശങ്ങളിൽ പോലും അനുഭവപ്പെടുന്നു. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ നിരന്തരം വിമർശന വിധേയമായിക്കൊണ്ടിരിക്കുന്ന തെരുവുനായശല്യം ഈ മാലിന്യ നിർമ്മാർജ്ജന പ്രശ്നത്തിന്റെ ഉപോത്പന്നമാണ്.

നിർമ്മിക്കപ്പെടുന്ന ഏതൊരു മാലിന്യവും എത്രയും വേഗത്തിലും സുരക്ഷിതമായും സംസ്ക്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുക എന്നത് പ്രകൃതിവിഭവസംരക്ഷണത്തിനും ജനതയുടെ ആരോഗ്യപരിപാലനത്തിനും അനുപേക്ഷണിയമാണ്. അതുകൊണ്ടുതന്നെ ജനപങ്കാളിത്തത്തോടെ പ്രാദേശികതല വികസനപ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, അതതു പ്രദേശത്തെ മാലിന്യ മുക്തമാക്കുന്നതിന് വ്യക്തമായ ഒരു നിർവ്വഹണ സംവിധാനം തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്.ഇതാണ് ശുചിത്വ- മാലിന്യ സംസ്ക്കരണ ഉപമിഷന്റെ ലക്ഷ്യം.

### 2. പൊതു സമീപനം

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമാകണം. ഇതിനായിഎളുപ്പം ചീഞ്ഞളിയാനിടയുള്ള ജൈവമാലിന്യം അതിന്റെ ഉറവിടത്തോട് ഏറ്റവുമടുത്ത് അതാതു ദിവസം തന്നെ സംസ്കരിക്കുകയും പുനഃചംക്രമണത്തിലൂടെ സംസ്കരിക്കപ്പെടേണ്ട പ്ലാസ്റ്റിക്കും ചില്ലും ലോഹവുമടക്കമുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യുക എന്നതായിരിക്കണം പൊതുസമീപനം.

തദ്ദേശ സ്വയം ഭരണസ്ഥാപന പരിധിയിലുള്ള സ്വകാര്യവീടുകൾ, ഗേറ്റഡ് കോളനികൾ, ഫ്ളാറ്റ് സമുച്ചയങ്ങൾ, പൊതുസ്ഥാപനങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, കമ്പോളങ്ങൾ,

വ്യവസായശാലകൾ മുതലായവ ഉല്പാദിപ്പിക്കുന്ന മാലിന്യം, അതുൽപ്പാദിപ്പിക്കുന്നവരുടെ പങ്കാളിത്തത്തോടെ തന്നെ സംസ്കരിക്കപ്പെടണം.

വീടുകളിലുണ്ടാകുന്ന പച്ചക്കറിച്ചവറും ഭക്ഷണാവശിഷ്ടവുമടങ്ങുന്ന ജൈവ മാലിന്യം അവിടെത്തന്നെ സംസ്കരിക്കുന്നതിന് കിച്ചൺ ബിൻകമ്പോസ്റ്റിങ്ങ്, കലം കമ്പോസ്റ്റിങ്ങ്,വളക്കുഴി (ആവശ്യത്തിനു സ്ഥലമുണ്ടെങ്കിൽ മാത്രം) തുടങ്ങിയ കമ്പോസ്റ്റിങ്ങ് രീതികളോ, മാലിന്യത്തിൽ നിന്ന് ജൈവവാതകമുത്പാദിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റോ സ്ഥാപിക്കാം. ചന്തകളിൽ നിന്നും സ്വന്തമായി ഉറവിടമാലിന്യ സംസ്കരണ ഉപാധികളൊന്നും സ്ഥാപിക്കാൻ കഴിയാത്തയിടങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യം സംസ്കരിക്കുന്നതിന് പൊതുമാലിന്യസംസ്ക്കരണ സംവിധാനങ്ങളും സ്ഥാപിക്കണം. വലിയ ബയോഗ്യാസ് പ്ലാന്റുകളോ തുമ്പൂർമൂഴി മാതൃക എയ്റോബിൻകമ്പോസ്റ്റിങ്ങോ ആണ് നിലവിൽ ഉപയോഗിക്കപ്പെടുന്ന പൊതുമാലിന്യസംസ്ക്കരണ സംവിധാനങ്ങൾ. ഇവയൊക്കെ ഓരോയിടത്തും ആവശ്യാനുസരണം സ്ഥാപിക്കുകയും ശരിയായി ഉപയോഗിക്കുകയും വേണം. അജൈവമാലിന്യശേഖരണവും നീക്കലും കാര്യക്ഷമ മാക്കുന്നതിന് ആവശ്യമായ സംഭരണകേന്ദ്രങ്ങളും സ്ഥാപിച്ചു പ്രവർത്തിപ്പിക്കണം.

ഇങ്ങനെ നമ്മുടെ സംസ്ഥാനത്തെ ഓരോ വീടും പുരയിടവും നിരത്തും പൊതുഇടങ്ങളും ജലസ്രോതസ്സുകളും അന്തരീക്ഷവും മാലിന്യമുക്തമാക്കുന്നതിന് പൊതുസമൂഹമാകെ കൈകോർക്കുന്ന പ്രവർത്തനങ്ങളാണ് ശുചിത്വ- മാലിന്യ സംസ്ക്കരണ ഉപമിഷൻ വിഭാവനം ചെയ്യുന്നത്.

ഉപമിഷൻ പ്രവർത്തനങ്ങളുടെ തദ്ദേശഭരണ സ്ഥാപനത്തിലെ സംഘാടനവും നേതൃത്വവും തദ്ദേശഭരണ സ്ഥാപന ഭരണസമിതിക്കാണ്. നവകേരളം കർമ്മപദ്ധതിയുടെ തദ്ദേശഭരണതല സമിതിയുടെ ഭാഗമായി രൂപീകരിക്കുന്ന ഉപമിഷൻ സമിതിയും തദ്ദേശഭരണതലത്തിലെ ആരോഗ്യ-ശുചിത്വ വിഭാഗവും ചേർന്നാണ് പ്രവർത്തനാസൂത്രണവും നിർവഹണ മോണിറ്ററിംഗും നിർവഹിക്കേണ്ടത്. തദ്ദേശഭരണ തലത്തിൽ മാലിന്യ നിർമാർജ്ജനത്തിനും ശുചിത്വ പരിപാലനത്തിനും ആവശ്യമായ നടപടിക്രമങ്ങൾ രൂപപ്പെടുത്തുമ്പോൾ ഓരോ ഗുണഭോക്താവിനെയും 'മാലിന്യം സ്വന്തം ഉത്തരവാദിത്തമാണെന്ന് ബോധ്യപ്പെടുത്തേണ്ടതാണ്. അതോടൊപ്പം തദ്ദേശഭരണ സ്ഥാപന പരിധിയിലെ മാലിന്യ സംസ്ക്കരണത്തിനുള്ള പൊതുസംവിധാനങ്ങൾ, സംഘടനാരൂപങ്ങൾ, തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിനുള്ള വിഭവ വിനിയോഗം (തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടും ഗുണഭോക്താവ് നൽകുന്ന യൂസർഫീയും) പടിപടിയായി കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നതുമാകണം. ഇതിനുതകുന്ന തരത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും ആസൂത്രിതമായ വിഭവ മാനേജ്മെന്റ് തന്ത്രങ്ങൾ രൂപപ്പെടുത്തി മാലിന്യ സംസ്ക്കരണത്തിനും ശുചിത്വ പരിപാലനത്തിനുമുള്ള ധനവിനിയോഗം മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്ക്കരണത്തിലൂടെയും പുനരുപയോഗം, പുനഃചംക്രമണം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയും സമാഹരിക്കുന്ന ഒരു മാതൃക സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടണം.

**3. പ്രവർത്തന സംവിധാനം**

മാലിന്യ സംസ്കരണ സംവിധാനങ്ങളെല്ലാം തന്നെ അഭംഗുരം നടത്തികൊണ്ടു പോകുന്നതിനാവശ്യമായ ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും ചെലവഴിക്കാവൂ എന്ന സമീപനം സ്വീകരിക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജനങ്ങൾ ഉല്പാദിപ്പിക്കുന്ന മാലിന്യം സംസ്കരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിലേക്കായി പൊതുജനങ്ങളിൽ നിന്നും നല്കുന്ന സേവനത്തിനുള്ള ഫീസും പരിസ്ഥിതി മലിനപ്പെടുത്തുന്നവരിൽ നിന്നും പരിഹാര തുകയും ഈടാക്കുക എന്ന തത്വം പാലിച്ചുകൊണ്ടുള്ള നിർവ്വഹണ

മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം.

ശുചിത്വ-മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുക, ഹരിതകർമ്മസേന രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക, സാങ്കേതിക സഹായം ലഭ്യമാക്കുക, നിർമാണ പ്രവർത്തനങ്ങൾക്ക് മൂലധന നിക്ഷേപം നടത്തുക, പ്രവർത്തനങ്ങൾക്ക് വേണ്ട നേതൃത്വം നൽകുക, കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക, മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പാക്കുക, നിയമ ലംഘകർക്കെതിരെ നടപടികൾ സ്വീകരിക്കുക എന്നിവയായിരിക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്വം.ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഹരിതകർമ്മ സേനയും ഹരിതസഹായ സ്ഥാപനവുമടങ്ങുന്ന സംരംഭകത്വ മാർഗങ്ങൾ സ്വീകരിക്കുന്നതായിരിക്കും ഉചിതം. അങ്ങനെ ചെയ്യുമ്പോൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സംരംഭങ്ങളുടെ ദൈനംദിന പ്രവർത്തനത്തിൽ ഇടപെടേണ്ടതില്ല, മറിച്ച് ശക്തമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും പ്രവർത്തനമേന്മ ഉറപ്പുവരുത്തുകയുമാണ് വേണ്ടത്.

**4. മുന്നൊരുക്ക പ്രവർത്തനങ്ങൾ**

മാലിന്യത്തിന്റെ ഉല്പാദനത്തിൽ കുറവു വരുത്തുന്നതിലേക്കായി അജൈവ വസ്തുക്കളുടെ ഉപയോഗം കുറക്കുക (Reduce) പുനരുപയോഗം (Reuse) വർദ്ധിപ്പിക്കുക, പുന:ചംക്രമണം (Recycle)പ്രോത്സാഹിപ്പിക്കുക എന്നിവ ജനജീവിതത്തിന്റെ ഭാഗമായും സംസ്കാരമായും മാറണം. ഇതിനുവേണ്ടി പദ്ധതി ആസൂത്രണത്തിൽ സഹായിക്കാനുള്ള സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കൽ, ജനപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കൽ, ഇതര വിഭവ സമാഹരണത്തിന് അന്തരീക്ഷം സൃഷ്ടിക്കൽ, സംഘടനാസംവിധാനങ്ങൾ രൂപീകരിക്കലും പ്രവർത്തിപ്പിക്കലും, ജീവിത ശൈലിയിലും ജീവിതരീതിയിലും മാറ്റം വരുത്തൽ എന്നിവ കൈവരിക്കുന്നതിന് പര്യാപ്തമായ രീതിയിൽ താഴെപ്പറയുന്ന നടപടികളാണ് മുന്നൊരുക്ക പ്രവർത്തനങ്ങളായി സ്വീകരിക്കേണ്ടത്.

> ***ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ കാഴ്ചപ്പാട്***
>
> *കേരള സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും രോഗാതുരതയിൽ കുറവു വരുത്തി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയും പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക*
>
> ***ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ ദൗത്യപ്രഖ്യാപനം***
>
> *തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി, ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച്, സംഭരിച്ച്, റീസൈക്ളിംഗ് മേഖലക്ക് കൈമാറ്റം ചെയ്യലും അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണവും നടത്തുക വഴി, അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളം രാജ്യത്തിനു മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കും.*

**പ്രാഥമികയോഗവും, പ്രവർത്തനാസൂത്രണവും -**

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഹരിതകേരളാമിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും യോഗം ചേർന്ന് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ ചർച്ച ചെയ്യണം.ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന "ഹരിതകർമ്മസേന" മുഖേനയാണ്. ഈ ഹരിതകർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടിയാണ് ഈ പ്രാഥമികയോഗത്തിൽ തീരുമാനിക്കപ്പെടേണ്ടത്. ഇത് താഴെ വിശദമാക്കുന്നു.

**ഹരിതകർമ്മസേന രൂപീകരണം–** തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

1. പ്രാദേശികമായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റോ സ്വയം സഹായസംഘങ്ങളോ നിലവിലുള്ള മറ്റ് സംവിധാനങ്ങളോ ഹരിതകർമ്മസേനയായി പ്രവർത്തിക്കുമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനതല ഹരിതകേരള മിഷനും ഉപമിഷൻ കർമ്മസമിതിയും വാർഡുമെമ്പർമാരും അടങ്ങുന്ന യോഗം വിലയിരുത്തുന്നു എങ്കിൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനതല ഹരിത കേരള മിഷൻ,തങ്ങളുടെ നിർദ്ദേശമായി തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയ്ക്ക് സമർപ്പിക്കേണ്ടതും, അംഗീകാരം വാങ്ങി അടുത്ത പ്രവർത്തനത്തിലേക്ക് നീങ്ങേണ്ടതുമാണ്.

2. അത്തരത്തിൽ തെരഞ്ഞെടുക്കാവുന്ന കുടുംബശ്രീ – സ്വയംസഹായ സംഘ സംവിധാനമൊന്നും ഇല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതി നേരിട്ട് താത്പര്യപത്രം ക്ഷണിച്ച് യോഗ്യതയുള്ള ഏജൻസിയെ (പ്രാദേശിക സംരംഭകരെയോ സർക്കാരിതര സംഘടന കളെയോ)കണ്ടെത്തി ഹരിതകർമ്മസേനയായി ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നിയോഗിക്കാം.ഇതിനുള്ള കരട് താത്പര്യപത്രം(EoI) അനുബന്ധം 1 ആയി നൽകുന്നു.

3. തദ്ദേശ സ്വയംഭരണ സ്ഥാപനം പുറപ്പെടുവിക്കുന്ന താത്പര്യപത്രം അനുസരിച്ച് ഹരിതകർമ്മസേനയായി പ്രവർത്തിക്കാൻ സംരംഭക രൊന്നും വരുന്നില്ലാത്തപക്ഷം പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വന്തം നിലയ്ക്ക് ഹരിതകർമ്മസേന രൂപീകരിക്കേണ്ടതുണ്ട്. ഇതിനായി ഓരോ വാർഡിലും ആവശ്യമായ പ്രചാരണത്തോടെ, അതതു വാർഡു മെമ്പറന്മാരുടെ ചുമതലയിൽ യോഗങ്ങൾ വിളിച്ചു ചേർത്ത് മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ഹരിതകർമ്മ സേനയുടെ പ്രവർത്തന സാദ്ധ്യതകളും ചർച്ച ചെയ്യുകയും ഹരിത കർമ്മസേനയിൽ പ്രവർത്തിക്കാൻ താത്പര്യമുള്ളവർ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് അപേക്ഷ നൽകാൻ ആവശ്യപ്പെടുകയും വേണം. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനതല ഹരിത കേരള മിഷൻ, അനുയോജ്യരായവരെ ഷോർട്ട് ലിസ്റ്റു ചെയ്ത് വിളിച്ചു ചേർത്ത് സംരംഭക മാതൃകയിൽ ഹരിതകർമ്മസേന രൂപീകരിക്കാൻ സഹായം നൽകണം. ആവശ്യമെങ്കിൽ ഇവർക്കായി സംരംഭകത്വ പരിശീലനങ്ങളും ഏർപ്പാടാക്കാം.

മേൽപ്പറഞ്ഞ മൂന്നു രീതികളിലൊന്നിലൂടെ രൂപീകരിക്കുന്ന ഹരിതകർമ്മ സേനയെയാണ് തുടർന്നു നടക്കേണ്ട പ്രചരണ പ്രവർത്തനത്തിനും മാലിന്യ സർവ്വേയ്ക്കും മാലിന്യ ശേഖരണ-സംസ്കരണ പ്രവർത്തനങ്ങൾക്കുമായി നിയോഗിക്കേണ്ടത്.

ഹരിതകർമ്മസേനയെ സാങ്കേതികമായി സഹായിക്കുന്നതിന് ഹരിതകേരള മിഷൻ "ഹരിതസഹായസ്ഥാപന"ത്തെ, തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ ക്ലസ്റ്റർ അഥവാ ജില്ലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തു നിയോഗിക്കുന്നതാണ്. മാലിന്യസംസ്കരണ മേഖലയിൽ മുൻപരിചയവും സാങ്കേതിക പരിജ്ഞാനവുമുള്ള സന്നദ്ധസംഘടനകൾ, സാമൂഹ്യ

സ്ഥാപനങ്ങൾ, കമ്പനികൾ തുടങ്ങി, പ്രൊഫഷണലായി മാലിന്യ സംസ്ക്കരണ സംവിധാനം പ്രവർത്തിപ്പിക്കാൻ ഹരിതകർമ്മസേനയെ സഹായിക്കുകയും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു റിപ്പോർട്ടു കൊടുക്കുകയും ചെയ്യാനാകുന്ന സ്ഥാപനങ്ങളെയാണ് ഹരിതസഹായസ്ഥാപനമായി തെരഞ്ഞെടുക്കുക.

പ്രചരണം - ഹരിതകർമ്മസേന രൂപീകരിക്കപ്പെട്ടാൽ അടുത്തതായി ഏറ്റെടുക്കേണ്ട പ്രവർത്തനമാണ് ഇത്. എല്ലാ വ്യക്തികളെയും മേഖലകളെയും ഉൾപ്പെടുത്തി സർവ്വതലസ്പർശിയായ പ്രചരണമാണ് നടത്തേണ്ടത്. ഓരോ വീട്ടിലും മാലിന്യസംസ്കരണ പ്രവർത്തനത്തിന്റെ സന്ദേശവും മാലിന്യ സർവ്വേയുടെ ആവശ്യകതയും രീതിയും മാലിന്യസംസ്ക്കരണ മാർഗ്ഗങ്ങളുടെ വിശദാംശങ്ങളും എത്തണം. ജനങ്ങളുടെ സമ്പൂർണ സഹകരണം ഉറപ്പുവരുത്തുന്നതിനാണ് ഈ പ്രചരണ പരിപാടികൾ ലക്ഷ്യമിടേണ്ടത്. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡുതലത്തിൽ വിവിധങ്ങളായ പ്രചരണ പരിപാടികൾ രണ്ടാഴ്ചക്കാലത്തേക്ക് നടത്തേണ്ടതാണ്.

> ***ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ പൊതുസമീപനം***
>
> ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമാകണം. ഇതിനായിഎളുപ്പം ചീഞ്ഞളിയാനിടയുള്ള ജൈവമാലിന്യം അതിന്റെ ഉറവിടത്തോട് ഏറ്റവുമടുത്ത് അതാതു ദിവസം തന്നെ സംസ്കരിക്കുകയും പുനഃചംക്രമണത്തിലൂടെ സംസ്കരിക്കപ്പെടേണ്ട പ്ലാസ്റ്റിക്കും ചില്ലും ലോഹവുമടക്കമുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യുക എന്നതാണ് പൊതുസമീപനം. മാലിന്യം, അതുൽപ്പാദിപ്പിക്കുന്നവരുടെ പങ്കാളിത്തത്തോടെ തന്നെ സംസ്കരിക്കപ്പെടണം. പൊതുസമൂഹമാകെ ഇതിനായി കൈകോർക്കുന്ന പ്രവർത്തനങ്ങളാണ്മിഷൻ വിഭാവന ചെയ്യുന്നത്.

മാലിന്യസർവെ - കാര്യക്ഷമമായ മാലിന്യ സംസ്ക്കരണ സംവിധാനം ഒരുക്കുന്നതിന് തദ്ദേശഭരണ തലത്തിൽ ആവശ്യകതാ നിർണയ സർവ്വെ ആവശ്യമാണ്. ഈ സർവ്വെ പ്രകാരം ഏത് സംവിധാനമാണ് ഓരോ വീടുകൾക്കും സ്ഥാപനങ്ങൾക്കും അനുയോജ്യമെന്ന് കണ്ടെത്താനും അതിലൂടെ ഉചിതവും ഗുണഭോക്താവിന് സ്വീകാര്യവുമായ മാലിന്യ സംസ്ക്കരണ രീതി നടപ്പാക്കാനും കഴിയും.

ഹരിതകർമ്മസേനാ പ്രവർത്തകർ ഓരോ വീടും സ്ഥാപനവും സന്ദർശിച്ച് ഓരോയിടത്തും ഉല്പാദിപ്പിക്കപ്പെടുന്ന അജൈവ-ജൈവ മാലിന്യത്തിന്റെ അളവ് ശേഖരിക്കുകയും നിലവിൽ അനുവർത്തിച്ചു വരുന്ന മാലിന്യ സംസ്കരണ രീതികൾ കണ്ടെത്തുകയും വേണം. അതോടൊപ്പം ജൈവമാലിന്യത്തെ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവർക്ക് ലളിതമായി മനസിലാക്കിക്കൊടുക്കുകയും അജൈവ മാലിന്യത്തിന്റെ ശേഖരണ, സംഭരണ, സംസ്ക്കരണ, കൈമാറ്റ രീതികൾ വിശദീകരിച്ചു കൊടുക്കുകയും വേണം. വിവിധ ഉറവിടമാലിന്യ സംസ്കരണ ഉപകരണങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഓരോ വീട്ടിലും ലഭ്യമാക്കുകയും അവർക്ക് അനുയോജ്യമായത് തെരഞ്ഞെടുക്കാൻ അവസരം നൽകുകയും വേണം.

നിലവിൽ ഏതെങ്കിലുമൊരു മാലിന്യ സംസ്കരണ ഉപാധി സ്വന്തമായുള്ള വീടുകളിലേയും സ്ഥാപനങ്ങളിലേയും പ്രസ്തുത സംവിധാനം പരിശോധിച്ച്

അതിന്റെ പ്രവർത്തനക്ഷമതയും പരിഹരിക്കേണ്ടതായ പ്രശ്നങ്ങളുണ്ടെങ്കിൽ അതും വിവരശേഖരത്തിൽ രേഖപ്പെടുത്തണം.

മലിനജലം പുറത്തുവിടുന്ന സ്ഥാപനങ്ങൾ (ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, വാഹനങ്ങളുടെ സർവ്വീസ് സ്റ്റേഷനുകൾ തുടങ്ങിയവ) സർവ്വേ ചെയ്യുമ്പോൾ അവർ പുറത്തുവിടുന്ന ദ്രാവകമാലിന്യത്തിന്റെ തരവും ഏകദേശ പ്രതിദിന അളവും വിവരശേഖരത്തിൽ രേഖപ്പെടുത്തണം.

**മൊബൈൽ ആപ്പ്** –മൊബൈൽ അധിഷ്ഠിത സോഫ്റ്റ്വെയർ ഉപയോഗിച്ച് ഓരോ തദ്ദേശഭരണ സ്ഥാപനത്തിലെയും എല്ലാ വീടുകളും സ്ഥാപനങ്ങളും പൊതുയിടങ്ങളും സന്ദർശിച്ചാണ് ഈ വിവരശേഖരണം നടത്തേണ്ടത്. ഇതിനാവശ്യമായ സർവ്വെയുടെ വിശദമായ ചോദ്യാവലിയും സോഫ്റ്റ്വെയറും ഹരിതകേരള മിഷൻ തയ്യാറാക്കി നൽകും. വിവരശേഖരണവും അതോടൊപ്പമുള്ള പൊതുജന ബോധവത്ക്കരണവും നടത്തുന്നതിന് ആവശ്യമുള്ള പരിശീലനം ആവശ്യകതാ നിർണയ സർവ്വെയ്ക്ക് മുന്നോടിയായി, ഹരിതകർമ്മസേനയ്ക്ക് ഹരിതസഹായ സ്ഥാപനം നൽകുന്നതാണ്.

**ഹരിതകർമ്മസേനാപരിശീലനം** – തദ്ദേശ സ്വയംഭരണ സ്ഥാപനതല മാലിന്യ സംസ്കരണ പരിപാടിയുടെ പൊതുസമീപനം, വിവിധ മാലിന്യ സംസ്കരണ ഉപാധികളും അവയുടെ പ്രവർത്തനവും, വിവരശേഖരണ ചോദ്യാവലിയും മൊബൈൽ അധിഷ്ഠിത സോഫ്റ്റ്വെയർ ഉപയോഗ രീതിയും എന്നിവയാണ് ഈ ഘട്ടത്തിലുള്ള പരിശീലനത്തിൽ ഉണ്ടാവേണ്ടത്. ഇതിന് എല്ലാ ഹരിതകർമ്മസേനാംഗങ്ങൾക്കുമായി ഒരു ഏക ദിന പരിശീലനം മതിയാകും.

തുടർന്ന് സർവെക്കായി രണ്ടാഴ്ചത്തെ സമയം നൽകാവുന്നതാണ്. ലഭിക്കുന്ന വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ ഹരിതകർമ്മസേന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ഹരിതസഹായ സ്ഥാപനത്തിനും കൈമാറേണ്ടതാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനതല ശില്പശാല** – അതതു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഹരിതകേരളം മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും ഹരിതസഹായ സ്ഥാപനത്തിന്റെ വിദഗ്ദ്ധാംഗങ്ങളും ഹരിതകർമ്മസേനാംഗങ്ങളും മറ്റ് താത്പര്യമുള്ള പൗരജനങ്ങളുമാണ് ഈ ശില്പശാലയിൽ പങ്കെടുക്കേണ്ടത്. ആവശ്യകതാ നിർണയ സർവ്വെയിലൂടെ ലഭ്യമായ വിവരങ്ങൾ ഹരിതസഹായ സ്ഥാപനത്തിന്റെ വിദഗ്ദ്ധർ ക്രോഡീ കരിച്ച് അവതരിപ്പിക്കണം.

വാർഡുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളിൽ സംശയാസ്പദമായതോ, പ്രത്യക്ഷത്തിൽ കാണുന്ന കുറവുകളോ ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരി ക്കുന്നതിനുളള നടപടികളും (പുനർസർവ്വേ, ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ, ഉപസമിതിയിലൂടെ നടത്താവുന്ന അന്വേഷണം മുതലായവ) അതിനുള്ള സമയക്രമവുംതീരുമാനിക്കണം.

ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ മാലിന്യ സംസ്കരണ പരിപാടിയുടെ രൂപരേഖ -ഗാർഹികതലത്തിലും, സ്ഥാപനതലത്തിലും, സാമൂഹിക തലത്തിലും നടപ്പാക്കേണ്ടവ – ആവിഷ്ക്കരിക്കുകയും അധിക വിവരശേഖരണം ആവശ്യമെങ്കിൽ അതുകൂടി തീർത്ത് പൂർണ്ണ പ്രവർത്തന പദ്ധതി (DPR) സമയബന്ധിതമായി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപന

ഭരണസമിതിക്ക് സമർപ്പിക്കുന്നതിനായി, ഹരിതസഹായ സ്ഥാപനത്തിന്റെ മുഖ്യചുമതലയിലുള്ള ഒരു ഉപസമിതിയെ നിശ്ചയിച്ച് ഏൽപ്പിക്കുകയുമാണ് ഈ ശില്പശാലയിൽ നടക്കേണ്ടത്.

**പ്രവർത്തന പദ്ധതി** –തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ അംഗീകാരം ലഭിച്ച മാലിന്യ സംസ്കരണ പരിപാടി അനുസരിച്ച്, രണ്ടുമാസം കൊണ്ട് ആവശ്യമായ ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളും പൊതുസംവിധാനങ്ങളും മറ്റ് അനുബന്ധ ക്രമീകരണങ്ങളും ഒരുക്കുകയും പ്രവർത്തനക്ഷമമാക്കുകയും വേണം. തദ്ദേശ സ്വയംഭരണ സ്ഥാപനവും ഹരിതസഹായ സ്ഥാപനവും ഹരിതകർമ്മ സേനയും ഒത്തൊരുമിച്ച പ്രവർത്തനം ഇതിനായി നടത്തണം.

തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ടു നടത്തുന്ന പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ചെലവ് ബന്ധപ്പെട്ട വീട്ടുടമകളും സ്ഥാപനഉടമകളും വഹിക്കേണ്ടതുണ്ട്. എന്നാലിത് സ്വീകാര്യവും സുഗമവുമാക്കുന്നതിന് ഉപകരണവിലയുടെ പകുതി മാത്രം തുടക്കത്തിൽ ഈടാക്കുകയും, ബാക്കി 10–12 തവണകളായി പ്രതിമാസ യൂസർഫീയോടൊപ്പം വാങ്ങുകയും ചെയ്യുന്ന രീതി സ്വീകരിക്കാവുന്നതാണ്. ഇതിനുള്ള പ്രാഥമിക ചെലവു വഹിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം കോർപ്പസ് ഫണ്ട് / വയബിലിറ്റി ഗ്യാപ് ഫണ്ട് നീക്കിവയ്ക്കണം. ഉപകരണവില സ്വന്തമായി കണ്ടെത്താനാകാത്തവർക്കായി (BPL) തദ്ദേശ സ്വയംഭരണ സ്ഥാപനം സബ്സിഡി നൽകാവുന്നതുമാണ്.

വയബിലിറ്റി ഗ്യാപ് ഫണ്ട്, ഹരിതകർമ്മസേനയുടെ പ്രവർത്തന ചെലവുകൾ, ഹരിതസഹായ സ്ഥാപനത്തിനുള്ള ഫീസ്, പൊതുസംവിധാനം ഒരുക്കുന്നതിനുള്ള മൂലധന–ആവർത്തന ചെലവുകൾ എന്നിവ ഓരോ പ്രദേശത്തിന്റെയും മാലിന്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ പ്രത്യേകം പ്രത്യേകമായി തന്നെ നിജപ്പെടുത്തേണ്ടതാണ്. ചെലവുകൾ വഹിക്കുന്നതിനും മൂലധന നിക്ഷേപത്തിനും ന്യായമായ പ്രതിഫലം ഉറപ്പാക്കുന്നതിനും പ്രാദേശികമായ വരുമാന സ്രോതസ്സുകൾ നിജപ്പെടുത്തുവാനുള്ള സംവിധാനം മിഷന്റെ മേൽനോട്ടത്തിൽ നിർവ്വഹിക്കേണ്ടതാണ്. ഇതുസംബന്ധിച്ച വിശദമായ ചട്ടങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാക്കി നൽകുന്നതാണ്.

അതതു പ്രദേശത്ത് ഏതൊക്കെ വിധത്തിലുള്ള ജൈവമാലിന്യസംസ്കരണ സംവിധാനങ്ങളാണ് വേണ്ടിവരുന്നത് എന്നതിനനുസരിച്ച്, ഹരിതകർമ്മ സേനയിലേക്ക് കൂടുതൽ അംഗങ്ങളെ ആവശ്യമുണ്ടോയെന്നു പരിശോധിക്കുക, ആവശ്യമെങ്കിൽ കൂടുതൽ പേരെ കണ്ടെത്തി ചേർക്കുക, പുതുതായി ചേർക്കപ്പെടുന്നവർക്ക് കൂടി പ്രാഥമിക പരിശീലനം (തദ്ദേശ സ്വയംഭരണ സ്ഥാപനതല മാലിന്യ സംസ്കരണ പരിപാടിയുടെ പൊതുസമീപനം, വിവിധ മാലിന്യ സംസ്കരണ ഉപാധികളും അവയുടെ പ്രവർത്തനവും എന്നിവയടങ്ങുന്ന പരിശീലനം) നൽകുക എന്നീ പ്രവർത്തനങ്ങൾ കൂടി ഈ ഘട്ടത്തിൽ ഹരിതസഹായ സ്ഥാപനവും ഹരിതകർമ്മസേനയും ചേർന്നു നടത്തണം.

വീടുകളും സ്ഥാപനങ്ങളുമടങ്ങുന്ന ഗുണഭോക്തൃവിഭാഗവുമായി നേരിട്ടു ബന്ധപ്പെടുന്നവർ അഥവാ ഗ്രീൻ ടെക്നീഷ്യൻ ആയിരിക്കും ഹരിതകർമ്മ

സേനയുടെ ഫീൽഡ് പ്രവർത്തകർ. 5–10 ഗ്രീൻ ടെക്നീഷ്യൻസിന് ഒരാളെന്ന നിലയ്ക്ക് ഗ്രീൻ സൂപ്പർവൈസർമാരും പ്രവർത്തനങ്ങളുടെ ആകെ മേൽനോട്ടവും റിപ്പോർട്ടിങ്ങും (കമ്പ്യൂട്ടർ അധിഷ്ഠിതമായി) കൈകാര്യം ചെയ്യുന്നതിനുള്ള കോഓർഡിനേറ്റർമാരും അടങ്ങുന്ന പൂർണ്ണ ഓഫീസ് സംവിധാനം ഈ ഘട്ടത്തിൽ ഹരിതകർമ്മസേന കൈവരിക്കേണ്ടതുണ്ട്. ഇത് രൂപീകരിക്കപ്പെടുകയും പ്രവർത്തനക്ഷമമാകുകയും ചെയ്യുന്നുവെന്ന് ഹരിതസഹായ സ്ഥാപനവും തദ്ദേശ സ്വയംഭരണ സ്ഥാപനവും ഉറപ്പാക്കണം. ആവശ്യമെങ്കിൽ അതിനുള്ള സഹായവും നൽകണം.

ആദ്യ ഘട്ടത്തിലുണ്ടാകാവുന്ന പ്രശ്നങ്ങൾ കൂട്ടായി പരിഹരിച്ചുകൊണ്ട് നാലു മാസത്തിനുള്ളിൽ പ്രവർത്തനങ്ങൾ കമ്പോടുകമ്പു ചേർത്ത് സുഗമമായി നടക്കുന്നതാക്കുക എന്ന ലക്ഷ്യമാണ് ഉണ്ടാവേണ്ടത്. ഇതിൽ രണ്ടുമാസം കൊണ്ട് ആവശ്യമായ ഉറവിടമാലിന്യ സംസ്കരണ സംവിധാന ങ്ങളും പൊതുസംവിധാനങ്ങളും ഒരുങ്ങുകയും ഹരിതകർമ്മ സേനയുടെ പൂർണ്ണ സംവിധാനം പ്രവർത്തനക്ഷമമാകുകയും ചെയ്യണം. ഹരിതകർമ്മ സേനയുടെ പ്രവർത്തന സംവിധാനം രൂപീകരിക്കപ്പെടുന്ന മുറയ്ക്ക് അതതു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സ്വീകരിച്ചിരിക്കുന്ന മാലിന്യ സംസ്കരണരീതികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ – മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ദൈനംദിന പരിപാലനം, അറ്റകുറ്റപ്പണികൾ തുടങ്ങിയവ- നടത്തുന്നതിനാവശ്യമായ പരിശീലനം (ഹരിതകർമ്മസേനയുടെ രണ്ടാം പരിശീലനം) ഹരിതസഹായ സ്ഥാപനം ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകേണ്ടതാണ്.

ആദ്യ രണ്ടുമാസങ്ങളിൽ (മേൽപ്പറഞ്ഞ സംവിധാനങ്ങൾ പൂർത്തിയാകുന്നതു വരെ) തെരഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുകയും, ഈ ഘട്ടത്തിൽ ഹരിതസഹായ സ്ഥാപന ത്തിന്റെ മേൽനോട്ടം ഉറപ്പാക്കുകയും, അതിലൂടെ നടത്തിപ്പു പ്രശ്നങ്ങളും പോരായ്മകളും കണ്ടെത്തി പരിഹാരങ്ങൾ ആവിഷ്ക്കരിക്കുകയും വേണം. വീടുകളും സ്ഥാപനങ്ങളുമടങ്ങുന്ന ഗുണഭോക്താക്കൾ, ഹരിതകർമ്മ സേനയുടെ ഗ്രീൻ ടെക്നീഷ്യൻമാർ, ഗ്രീൻ സൂപ്പർവൈസർമാർ, ഹരിതസഹായ സ്ഥാപനം, തദ്ദേശഭരണ സ്ഥാപനം എന്നിങ്ങനെയുള്ള എല്ലാ ഘടകങ്ങളുടെയും പ്രവർത്തനക്ഷമതയും പരസ്പരബന്ധവും റിപ്പോർട്ടിങ് സംവിധാനവും ഈ പൈലറ്റ് പ്രവർത്തനകാലത്ത് കുറ്റമറ്റതായി മാറണം. തുടർന്നുള്ള രണ്ടുമാസം കൊണ്ട് പ്രവർത്തനം തദ്ദേശഭരണ സ്ഥാപനത്തിൽ മൊത്തമായി വ്യാപിപ്പിക്കുകയാണു വേണ്ടത്.

***"സീറോ വേസ്റ്റ്" മാതൃക***

*"സീറോ വേസ്റ്റ്" എന്നാൽ ഭൂമിയിൽ നിന്നും ഉത്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കളും സുരക്ഷി തമായി ഭൂമിയിലേക്ക് തിരികെ പോകുന്ന അവസ്ഥ സംജാതമാക്കുകയാണ്. ഇതിലേക്കായി മാലിന്യത്തിന്റെ ഉല്പാദനത്തിൽ കുറവു വരുത്തുക (Reduce), അതിനുവേണ്ടി വസ്തുവകകളുടെ പുനരുപയോഗം വർദ്ധിപ്പിക്കുക (Reuse), പൂർണ്ണമായും ഉപയോഗശൂന്യമായവയെ രൂപഭേദം വരുത്തി പുനഃചംക്രമണത്തിലൂടെ മറ്റുൽപ്പന്നങ്ങളാക്കി മാറ്റുക (Recycle) എന്നിവ നടപ്പാക്കപ്പെടണം.മാലിന്യത്തെ പൂർണ്ണമായും ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രായോഗികവും മിതവ്യയസാധ്യവും കാര്യക്ഷമവും ദീർഘവീക്ഷണത്തോടു കൂടിയതുമായ ദർശനമാണ് സീറോ വേസ്റ്റ് മാതൃക.*

പ്രവർത്തനങ്ങളുടെ ഘടന ഇനിപ്പറയുന്ന വിധമാകാം-

**വീടുകൾ**

വീടുകൾ സമ്പൂർണ്ണമായി മാലിന്യമുക്തമാക്കുന്നതിന് ജൈവ-അജൈവ മാലിന്യങ്ങൾ കൈകാര്യംചെയ്യുന്നതിനുള്ള സമഗ്രമായ പ്രവർത്തനങ്ങളും വിവിധ വിഭാഗങ്ങളിൽ പെടുന്നവർക്കുള്ള വ്യത്യസ്തമാർഗങ്ങളും അതിനനുസരിച്ച് കൊടുക്കേണ്ട യൂസർഫീയുംചുവടെ പ്രതിപാദിക്കുന്നു.

**1. സംസ്കരണസംവിധാനം**

1) സ്ഥലപരിമിതിയുള്ള വീടുകൾക്ക് കിച്ചൺബിൻ, മൺകലം കമ്പോസ്റ്റ് അഥവാ സ്ഥലലഭ്യതയനുസരിച്ച് ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ.

2) അഞ്ച്സെന്റിൽ കൂടുതൽ തുറന്ന സ്ഥലലഭ്യതയുള്ള വീടുകളിൽ വീട്ടുടമയുടെ താല്പര്യത്തിനനുസരിച്ച് പരിപാലന സൗകര്യം ഉറപ്പാക്കിയ വളക്കുഴികൾ.

3) മേൽപ്പറഞ്ഞ മാർഗ്ഗങ്ങൾ സ്വീകാര്യമല്ലാത്തവർക്ക് തദ്ദേശ ഭരണസ്ഥാപനം ഏർപ്പെടുത്തിയിരിക്കുന്ന പൊതുസംവിധാനത്തിൽ, സ്വന്തം ചെലവിൽ, നിർദ്ദേശിക്കപ്പെട്ട രീതിയിൽ തരംതിരിച്ച് മാലിന്യമെത്തിക്കുകയോ തദ്ദേശ ഭരണസ്ഥാപനം ചുമതപ്പെടുത്തുന്ന മാലിന്യശേഖരണ സംവിധാനത്തിന് കൈമാറുകയോ (യൂസർഫീ നൽകിക്കൊണ്ട്) ചെയ്യാവുന്നതാണ്. മാലിന്യം സ്വയം പൊതുസംവിധാനത്തിൽ എത്തിക്കുന്നവർക്ക് സ്മാർട്ട്കാർഡ് ഏർപ്പെടുത്തി ഇത് നടപ്പാകുന്നുഎന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4) വീടുകളിൽ നിന്നും കടലാസും പ്ലാസ്റ്റിക് മാലിന്യവും മാസത്തിലൊരിക്കൽ, പൊട്ടുന്ന ഗ്ലാസ്സുകൾ മൂന്ന് മാസത്തിലൊരിക്കൽ, മരുന്നുസ്ട്രിപ്പുകളും, ടൂത്ത്പേസ്റ്റും സൗന്ദര്യവർദ്ധക സാമഗ്രികളുമടക്കമുള്ള പലവിധ നിത്യോപയോഗവസ്തുക്കളുടെ ട്യൂബുകളും കവറുകളും രണ്ടുമാസത്തിലൊരിക്കൽ, ഇ-വേസ്റ്റ് ആറ് മാസത്തിലൊരിക്കൽ, ലെതർ ഉത്പന്നങ്ങൾ വർഷത്തിലൊരിക്കൽ എന്നിങ്ങനെ ഹരിതകർമ്മസേന ശേഖരിക്കുന്നതാണ്.

**കച്ചവടസ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ**

1) ജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കാൻ സ്ഥലസൗകര്യമുള്ള സ്ഥാപനങ്ങളിൽ, അവിടത്തെ മാലിന്യത്തിന്റെ അളവിനനുസരിച്ചു ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകളോ എയ്റോബിന്നോ (തുമ്പൂർമൂഴി മാതൃക) സ്ഥാപിക്കേണ്ടതാണ്.

2) സ്ഥലക്കുറവോ പരിപാലന സൗകര്യക്കുറവോ ഉള്ള സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന ദൈനംദിനം ജൈവ മാലിന്യം ശേഖരിച്ച് പൊതു സംവിധാനത്തിൽ എത്തിച്ച് സംസ്കരിക്കുകയോ സ്ഥാപനങ്ങൾ

> *മാലിന്യത്തിന്റെ അളവു കുറയ്ക്കുന്നതിനായി അജൈവ വസ്തുക്കളുടെ ഉപയോഗം കുറക്കുക (Reduce), പുനരുപയോഗം (Reuse) വർദ്ധിപ്പിക്കുക, പുനഃചംക്രമണം (Recycle) പ്രോത്സാഹിപ്പിക്കുക എന്നിവ ജനജീവിതത്തിന്റെ ഭാഗമായും സംസ്കാരമായും മാറണം.*
>
> *ഇതിനുവേണ്ടി പദ്ധതി ആസൂത്രണത്തിൽ സഹായിക്കാനുള്ള സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കൽ, ജനപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കൽ, ഇതര വിഭവ സമാഹരണത്തിന് അന്തരീക്ഷം സൃഷ്ടിക്കൽ, ഉത്തരവാദിത്വം ഏറ്റെടുക്കൽ, ജീവിതശൈലിയിലും ജീവിതരീതിയിലും മാറ്റം വരുത്തൽ എന്നിവ കൈവരിക്കുന്നതിന് പര്യാപ്തമായ തന്ത്രങ്ങളാണ് ശുചിത്വ-മാലിന്യ സംസ്കരണ കാമ്പയിൻ സ്വീകരിക്കേണ്ടത്.*

സ്വയം പൊതു സംവിധാനത്തിൽ മാലിന്യമെത്തിക്കുകയോ ചെയ്യാവുന്നതാണ്. മാലിന്യം സ്വയം പൊതുസംവിധാനത്തിൽ എത്തിക്കുന്നവർക്ക് സ്മാർട്ട്കാർഡ് ഏർപ്പെടുത്തി ഇത് നടപ്പാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3) അജൈവമാലിന്യം ശേഖരിക്കുന്നതിന്റെ കാലാവധി മാലിന്യത്തിന്റെ അളവിനനുസരിച്ച് തീരുമാനിക്കേണ്ടതാണ്.

2. യൂസർ ഫീ

പൊതുമാലിന്യസംസ്കരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്ന പൗരന്മാർ യൂസർഫീ നൽകേണ്ടതുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാകും യൂസർഫീ നിശ്ചയിക്കുന്നത്. ഇതിനു സഹായകമായ മാർഗ്ഗരേഖ അനുബന്ധം-2 ആയി നൽകുന്നു.

അനുബന്ധം-2 ൽ നിർദ്ദേശിച്ചിരിക്കുന്ന യൂസർഫീ ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനത്തിനും തീരുമാനിക്കാവുന്ന പരമാവധി ഫീസാണ്. ആവശ്യകതാ നിർണ്ണയ സർവ്വെയിലൂടെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തദ്ദേശസ്വയംഭരണാടിസ്ഥാനത്തിലുള്ള വിശദമായ മാലിന്യ സംസ്ക്കരണ പരിപാടിയുടെ പൂർണപ്രവർത്തന പദ്ധതി (DPR) അംഗീകരിച്ചതിനുശേഷമാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാവശ്യമായ ഹരിതസേനാംഗങ്ങളുടെ എണ്ണവും ഓരോ വീടുകൾക്കും സ്ഥാപനങ്ങൾക്കും ബാധകമായ യൂസർഫീയും നിശ്ചയിക്കപ്പെടുന്നത്. DPR തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതല ശില്പശാല നിശ്ചയിച്ച ഉപസമിതി ആവശ്യമായ ശുപാർശകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. യൂസർഫീയിൽ ഇളവ് നൽകുന്നതിനോ ബിപിഎൽ തുടങ്ങിയ വിഭാഗത്തിൽപെട്ട വീടുകളെ യൂസർഫീയിൽ നിന്നും ഒഴിവാക്കുന്നതിനോ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് തീരുമാനിക്കാവുന്നതാണ്. ഇങ്ങനെ ഇളവു നൽകുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനം ഹരിതകർമ്മ സേനയ്ക്ക് നേരിട്ട് നൽകേണ്ടതാണ്.

ആശുപത്രികളുടെ ശുചിത്വ-മാലിന്യ സംസ്കരണപദ്ധതി തയ്യാറാക്കുമ്പോൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ട നടപടികൾ അനുബന്ധം-3 ആയി നല്കുന്നു.

മലിനജലം പുറത്തുവിടുന്ന സ്ഥാപനങ്ങൾ അവർ ഉത്പാദിപ്പിക്കുന്ന ദ്രവമാലിന്യത്തിന്റെ ശുദ്ധീകരണം ഉറപ്പാക്കുന്നതിനുള്ള സംസ്കരണസംവിധാനം സ്വന്തം ചെലവിൽ സ്ഥാപിച്ചിരിക്കണം. ഇത് ശരിയായി പ്രവർത്തിക്കുന്നുവോയെന്ന് മാസത്തിൽ രണ്ടുതവണ പരിശോധിക്കുന്നതിന് ഹരിതകർമ്മസേനാംഗത്തിന് അനുമതി നൽകണം.

5. സംഘടനാ സംവിധാനം

1) ഹരിതകർമ്മസേന

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഹരിതമിഷൻ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഹരിതകർമ്മസേനയെ തെരഞ്ഞെടുക്കേണ്ടതാണ്. ഇതിനുള്ള നടപടി ക്രമങ്ങളും ഘടനയും ഉപവിഭാഗം 3-ൽ (മുന്നൊരുക്ക പ്രവർത്തനങ്ങളിൽ) വിശദമാക്കിയിട്ടുണ്ടല്ലോ. മാലിന്യ പരിപാലന ആവശ്യകതാ സർവെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവിധ വിഭാഗങ്ങളിൽപ്പെട്ട വീടുകളുടെയും സ്ഥാപനങ്ങളുടെയും പൊതു സംവിധാനത്തിന്റെയും ആവശ്യകത അനുസരിച്ച് നിശ്ചയിക്കുന്ന എണ്ണം അംഗങ്ങളുള്ള പ്രവർത്തന സംവിധാനം ഹരിതകർമ്മസേനയ്ക്ക് ഉണ്ടാകും. ഇവർക്കു നൽകേണ്ട പരിശീലനം, ഇവർ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ തുടങ്ങിയവ ഹരിതസഹായ സ്ഥാപനത്തിന്റെ സഹകരണത്തോടെ ഹരിതമിഷന്റെ മാർഗ്ഗരേഖയനുസരിച്ച് തദ്ദേശഭരണ സ്ഥാപനം നടപ്പിൽ വരുത്തേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്കാണ് ഹരിതകർമ്മസേന അവരുടെ പ്രവർത്തനങ്ങൾ ഭരണപരമായി റിപ്പോർട്ടു ചെയ്യേണ്ടത്. മാലിന്യ സംസ്ക്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട സാങ്കേതിക റിപ്പോർട്ടുകൾ ഹരിതസഹായ സ്ഥാപനത്തിനും നൽകണം.

ഹരിത കർമ്മസേന താഴെ പറയുന്ന സേവനങ്ങളാണ് നിർവ്വഹിക്കേണ്ടത്-

**മുന്നൊരുക്ക പ്രവർത്തനത്തിലും പൈലറ്റ് പ്രവർത്തന ഘട്ടത്തിലും**

- ആവശ്യകതാ നിർണ്ണയ സർവ്വേയ്ക്ക് മുന്നോടിയായുള്ള പ്രചരണ പ്രവർത്തനങ്ങൾ
- ആവശ്യകതാ നിർണ്ണയ സർവ്വേ നടത്തൽ
- വീടുകളിലും സ്ഥാപനങ്ങളിലും സർവ്വേ പ്രകാരം തെരഞ്ഞെടുത്തിരിക്കുന്ന ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് മേൽനോട്ടം വഹിക്കുക.
- സ്ഥാപിക്കപ്പെടുന്ന സംവിധാനങ്ങൾ ക്രമപ്രകാരമാണോയെന്നു പരിശോധിക്കുക, ഇതിന് ആവശ്യമെങ്കിൽ ഹരിതസഹായ സ്ഥാപനത്തിന്റെ വിദഗ്ദ്ധരുടെ പരിശോധന ഉറപ്പാക്കുക. പരിശോധന നടത്തി ക്രമപ്രകാരമാണെന്നു കാണുന്നവയുടെ നിർമ്മാണ ചെലവ് (ഗുണഭോക്തൃ വിഹിതം കുറച്ചു ബാക്കി) അനുവദിച്ചു നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് സർട്ടിഫൈ ചെയ്തു നൽകുക.
- നിലവിൽ ചില വീടുകളിലും സ്ഥാപനങ്ങളിലുമുള്ള പ്രവർത്തനക്ഷമമല്ലാത്ത മാലിന്യ സംസ്കരണ ഉപാധികളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന യോഗ്യമാക്കുക

**തുടർപ്രവർത്തന ഘട്ടത്തിൽ**

- ഉറവിടമാലിന്യ സംസ്കരണ സംവിധാനമുള്ള വീടുകളും സ്ഥാപനങ്ങളും രണ്ടാഴ്ചയിലൊരിക്കൽ സന്ദർശിച്ച് ജൈവമാലിന്യ സംസ്ക്കരണ സംവിധാനത്തിന്റെ പ്രവർത്തനം പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശം നൽകലും പരിചരണവും.
- കമ്പോസ്റ്റിങ്ങ് രീതി സ്വീകരിക്കുന്ന വീടുകളിലും, സ്ഥാപനങ്ങളിലും മാസത്തിലൊരിക്കൽ അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിക്കൽ.
- എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിലുള്ള അജൈവമാലിന്യശേഖരണം. (കടലാസും പ്ലാസ്റ്റിക് മാലിന്യവും മാസത്തിലൊരിക്കൽ, മരുന്നുസ്ട്രിപ്പുകളും, ടൂത്ത്പേസ്റ്റും സൗന്ദര്യവർദ്ധക സാമഗ്രികളുമടക്കമുള്ള പലവിധ നിത്യോപയോഗവസ്തുക്കളുടെ ട്യൂബുകളും കവറുകളും രണ്ടുമാസത്തിലൊരിക്കൽ, പൊട്ടുന്ന ഗ്ലാസ്സുകൾ മൂന്ന് മാസത്തിലൊരിക്കൽ, ഇ-വേസ്റ്റ് ആറ് മാസത്തിലൊരിക്കൽ, ലെതർ ഉത്പന്നങ്ങൾ വർഷത്തിലൊരിക്കൽ എന്നിങ്ങനെ)
- പൊതുമാലിന്യ സംസ്ക്കരണ സംവിധാനത്തിൽ പറഞ്ഞിരിക്കുന്ന സേവനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുവെങ്കിൽ ഏറ്റെടുത്ത് നടപ്പിലാക്കണം.
- മലിനജലം ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങളുടെ ദ്രാവകമാലിന്യസംസ്കരണ സംവിധാനം ശരിയായി പ്രവർത്തിക്കുന്നുവെന്ന് മാസത്തിൽ രണ്ടുതവണ പരിശോധിക്കുകയും ശുദ്ധീകരിക്കാത്ത മലിനജലം പൊതുസ്ഥലത്തേക്കോ ജലശേഖരങ്ങളിലേക്കോ ഒഴുക്കുന്നില്ലെന്നും എവിടെയും തളംകെട്ടി നിർത്തുന്നി

ല്ലെന്നും ഉറപ്പാക്കണം. ഇതിൽ വീഴ്ച വരുത്തുന്നവർക്ക് പിഴചുമത്തുന്നതിനും പ്രവർത്തനാനുമതി നിഷേധിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു റിപ്പോർട്ടു നൽകണം.

- ഗ്രീൻ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകണം.
- മാലിന്യ സംസ്ക്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഹരിതകേരള മിഷൻ നിശ്ചയിക്കുന്ന മാതൃകയിലും ഇടവേളകളിലും തദ്ദേശഭരണ സ്ഥാപനത്തിനും ഹരിതസഹായ സ്ഥാപനത്തിനും കൈമാറണം.
- ഹരിതകേരള മിഷൻ തീരുമാനിക്കുന്ന തരത്തിലുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കണം.
- പരിശീലനം നൽകിയ ജീവനക്കാരെ വീടുകളിൽ ജൈവപച്ചക്കറി കൃഷിയുടെ പരി പാലനത്തിനായി അയയ്ക്കണം
- വീടുകളിലും, സ്ഥാപനങ്ങളിലും സ്ഥാപിക്കുന്ന ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങൾക്കോ പൊതു മാലിന്യസംസ്ക്കരണസംവിധാനങ്ങൾക്കോ എന്തെങ്കിലും തകരാറുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടാലത് 24 മണിക്കൂറിനുള്ളിൽ നേരിട്ടു പരിശോധിച്ച് പരിഹരിക്കണം. അവർക്കു പരിഹരിക്കാനാകാത്തതാണെങ്കിൽ ഹരിതസഹായസ്ഥാപനത്തിന്റെ സഹായത്തോടെ ഏറ്റവും കുറഞ്ഞ സമയത്തിനു ള്ളിൽ പരിഹരിക്കണം.
- ഹരിതകർമ്മസേന നൽകുന്ന സേവനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്ന യൂസർഫീസ് ഈടാക്കാവുന്നതാണ്. ഹരിതകർമ്മസേനയിലെ ഗ്രീൻ സൂപ്പർവൈസർമാരാണ് വീടുകളിലും, സ്ഥാപനങ്ങളിലും മാസത്തിലൊരിക്കലെത്തി യൂസർഫീസ് ശേഖരിക്കേണ്ടത്. ഇക്കാര്യത്തിൽ ഏതെങ്കിലും വിധത്തിലുള്ള ബുദ്ധിമുട്ട് നേരിടുന്നുവെങ്കിൽ അതു പരിഹരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹായമുണ്ടാകുന്നതാണ്.
- അജൈവമാലിന്യത്തിലെ മൂല്യമുള്ള വസ്തുക്കൾ ക്ലീൻ കേരളകമ്പനിയോ അതുപോലെയുള്ള മറ്റ് സംവിധാനങ്ങളോ വഴി വിപണനം ചെയ്യുന്നതിലൂടെയും ജൈവമാലിന്യങ്ങളുടെ കമ്പോസ്റ്റിങ്ങിലൂടെയുണ്ടാകുന്ന ജൈവവളത്തിന്റെ വിൽപ്പനയിലൂടെയുമുണ്ടാകുന്ന വരുമാനത്തിന്റെ ഒരു നിശ്ചിത വിഹിതം ഹരിതകർമ്മ സേനയ്ക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങളായിരിക്കും. ഇതിനാവശ്യമായ പ്രോട്ടോക്കോൾ ഹരിതസഹായം സ്ഥാപനം തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ നടപ്പാക്കേണ്ടതാണ്.

ഇതിനുപുറമേ, ഹരിത കർമ്മസേനയ്ക്ക് സാമ്പത്തിക സ്വയംപര്യാപ്തത നേടുന്നതിനായി ഈ മേഖലയിൽ തന്നെ മറ്റ് ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കാനാകും. സ്വാപ്പ് ഷോപ്പ്, റിപ്പയർ ഷോപ്പുകൾ, പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ ഉല്പാദന യൂണിറ്റുകൾ തുടങ്ങിയവയൊക്കെ ഇങ്ങനെയുള്ള പ്രവർത്തനങ്ങളാണ്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം 4 ആയി നൽകുന്നു.

**2) ഹരിത സഹായസ്ഥാപനം**

ഹരിതകർമ്മസേനയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിനുള്ള സംവിധാന മാണ് ഹരിതസഹായ സ്ഥാപനം. ഹരിതസഹായ സ്ഥാപനങ്ങൾക്ക് പ്രൊഫഷണലായി മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾനോക്കിനടത്തുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം ഉണ്ടായിരിക്കണം. സന്നദ്ധ സംഘടനകൾ, സാമൂഹ്യ സ്ഥാപനങ്ങൾ,

കമ്പനികൾ തുടങ്ങി ഈ മേഖലയിൽ മുൻപരിചയവും സാങ്കേതിക പരിജ്ഞാനവുമുള്ള സ്ഥാപനങ്ങളെ ഇതിനായി ഹരിതകേരളമിഷൻ തെരഞ്ഞെടുക്കുന്നതാണ്. സ്ഥാപന നടത്തിപ്പുകാരിൽ സാങ്കേതിക വൈദഗ്ധ്യമുള്ളവരും പ്രൊഫഷണലുകളും ഉണ്ടായിരിക്കണം. ഹരിതകർമ്മ സേനയിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങൾ വച്ച് റിപ്പോർട്ടുകൾ തയ്യാറാക്കാൻ ശേഷിയുള്ളവരും സ്ഥാപന നടത്തിപ്പുകാരിൽ ഉണ്ടായിരിക്കണം. മേൽപ്പറഞ്ഞ യോഗ്യതയുള്ള ആളുകൾ സ്ഥാപനത്തിൽ മുഴുവൻ സമയ പ്രവർത്തകരായി ഉണ്ടായിരിക്കണം.

തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്കാണ് ഹരിതസഹായ സ്ഥാപനങ്ങൾ അവരുടെ പ്രവർത്തനങ്ങൾ ഭരണപരമായി റിപ്പോർട്ടു ചെയ്യേണ്ടത്. മാലിന്യ സംസ്ക്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട സാങ്കേതിക റിപ്പോർട്ടുകൾ ഹരിത കേരളാ മിഷനിലേക്കു കൂടി നൽകണം.

പ്രധാന പ്രവർത്തനങ്ങൾ

1. ഹരിത കർമ്മസേനക്ക് ആവശ്യമായ പരിശീലനം (മുന്നൊരുക്ക പ്രവർത്തനങ്ങളിൽ വിശദമാക്കുന്ന പ്രകാരം രണ്ടു ഘട്ടമായി)നൽകുക.
2. അതതു തദ്ദേശ സ്വയംഭരണ പ്രദേശത്തിന്റെ സവിശേഷതകൾക്കനുസരിച്ചും ഹരിതകേരളാമിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുരൂപമായും വിവിധ പ്രചരണപരിപാടികൾ ആവിഷ്ക്കരിച്ച് ഹരിതകർമ്മസേനയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പങ്കാളിത്തത്തോടെ നടപ്പാക്കുക.
3. ആവശ്യകതാ നിർണ്ണയ സർവ്വേയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ടാക്കുകയും അത് തദ്ദേശസ്വയംഭരണ സ്ഥാപനതല ശില്പശാലയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതിന് നേതൃത്വം വഹിക്കുകയും ചെയ്യുക.
4. തദ്ദേശസ്വയംഭരണ സ്ഥാപനതല ശില്പശാലയിൽ നിന്നുള്ള വിവരങ്ങൾ കൂടി ചേർത്ത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മാലിന്യസംസ്കരണ വിശദാംശരേഖ തയ്യാറാക്കി നൽകുക.
5. ജൈവമാലിന്യസംസ്കരണത്തിനുള്ള പൊതുസംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളെ സഹായിക്കുക, ഇവ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രോട്ടോക്കോൾ തയ്യാറാക്കി ഹരിത കർമ്മസേനയെ പരിശീലിപ്പിക്കുക, നിരീക്ഷണത്തിലൂടെയും നിർദ്ദേശങ്ങളിലൂടെയും അവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക.
6. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിനു തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ (ക്ലീൻകേരള കമ്പനിയും അവയ്ക്കു പുറമേ അനുയോജ്യരായ മറ്റുസ്ഥാപനങ്ങളും) കണ്ടെത്തി, അവർക്കാവശ്യമായ രീതിയിൽ അജൈവമാലിന്യം തരംതിരിച്ചു സൂക്ഷിക്കുന്നതിനും അത് പരമാവധിവരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിതകർമ്മസേനയെ പരിശീലിപ്പിക്കുക. ഇതിനാവശ്യമായ പ്രോട്ടോക്കോൾ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ നടപ്പാക്കുക.
7. പൈലറ്റ് പ്രവർത്തനഘട്ടത്തിലും തുടർപ്രവർത്തനഘട്ടത്തിലും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക, പ്രവർത്തനമികവു കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.
8. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഇവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ഹരിതകേരള മിഷൻ തീരുമാനിക്കുന്ന മാതൃകയിലും ഇടവേളകളിലും തദ്ദേശഭരണസ്ഥാപനത്തിനും ജില്ലാമിഷനും ഹരിതകേരള മിഷനും നൽകുകയും ചെയ്യുക.
9. ഹരിത കർമ്മസേനക്ക് സാങ്കേതികസഹായം നൽകുക. അവർക്ക് പരിഹരിക്കാൻ കഴിയാത്ത സാങ്കേതിക പ്രശ്നങ്ങൾ, ഹരിത കർമ്മസേന ആവശ്യപ്പെടുന്ന

അവസരത്തിൽ, രണ്ടു ദിവസത്തിനുള്ളിൽ ഹരിതസഹായ സ്ഥാപനം നിയോഗിക്കുന്ന വിദഗ്ദ്ധർ നേരിട്ട് പരിശോധിക്കേണ്ടതും ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ പരിഹരിക്കേണ്ടതുമാണ്.

10. ഹരിതകർമ്മസേനയുടെ വരുമാനം വിലയിരുത്തി സാമ്പത്തിക സ്ഥിരത വരുത്തുന്നതിനാവശ്യമായ പദ്ധതികളും നിർദ്ദേശങ്ങളും നൽകുക.
11. ഹരിതസഹായ സ്ഥാപനങ്ങൾ മാസത്തിൽ ഒരു ദിവസം അതാത് തദ്ദേശഭരണസ്ഥാപനത്തിൽ നേരിട്ടെത്തി ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
12. അതാത് തദ്ദേശഭരണസ്ഥാപനത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തി പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിക്കുക.

തങ്ങളുടെ ചുമതലയിലുള്ള തദ്ദേശ സ്വയംഭരണസ്ഥാപന പ്രദേശത്തെ എല്ലാ മാലിന്യസംസ്കരണ സംവിധാനങ്ങളും കുറ്റമറ്റരീതിയിൽ പ്രവർത്തിക്കുന്നുവെന്നും അവയിലൊന്നുപോലും സാങ്കേതികപ്രശ്നങ്ങളാൽ തടസ്സപ്പെടുന്നില്ലയെന്നും ഉറപ്പാക്കേണ്ടത് ഹരിതസഹായസ്ഥാപനത്തിന്റെ ഉത്തരവാദിത്തമായിരിക്കും. ഹരിതകേരള മിഷൻ നിശ്ചയിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓരോ ക്ലസ്റ്ററിലേക്കും തെരഞ്ഞെടുക്കപ്പെടുന്ന ഹരിതസഹായ സ്ഥാപനത്തിൽ ഉണ്ടാകേണ്ട ജീവനക്കാരുടെ യോഗ്യതയും, അവർ നല്കേണ്ട സേവനങ്ങളും, സന്ദർശിക്കേണ്ട ഇടവേളകളും താഴെ നൽകുന്നു.

(1) സാങ്കേതിക വിദഗ്ദ്ധൻ

ഹരിതകർമ്മസേനയുടെ സാങ്കേതിക മികവ്, പ്രവർത്തനമികവ്, മാനേജ്മെന്റ് മികവ് എന്നിവ വിലയിരുത്തുന്നതിനും ഹരിതകർമ്മസേനയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വൈദഗ്ദ്ധ്യമുള്ള ഒരാൾ. സാങ്കേതിക വിദഗ്ദ്ധൻ മാസത്തിലൊരിക്കൽ തദ്ദേശഭരണ സ്ഥാപനം സന്ദർശിക്കേണ്ടതും ആവശ്യമെങ്കിൽ കൂടുതൽ തവണ സന്ദർശിക്കേണ്ടതുമാണ്. പ്രൊഫഷണൽ യോഗ്യതയുള്ള ഒരാളായിരിക്കണം സാങ്കേതിക വിദഗ്ദ്ധൻ.

(2) ടെക്നിഷ്യൻ

ഹരിതകർമ്മ സേനാംഗങ്ങൾക്ക് പരിഹരിക്കാൻ കഴിയാത്ത സാങ്കേതിക പിഴവുകൾ നേരിട്ട് എത്തി പരിഹരിക്കാൻ കഴിയുന്ന സാങ്കേതിക വൈദഗ്ദ്യവും ഹരിതകർമ്മ സേനയ്ക്കുള്ള സംശയങ്ങൾ ദുരീകരിക്കാൻ കഴിവുമുള്ള ആളായിരിക്കണം. ടെക്നീഷ്യൻ ഓരോ തദ്ദേശഭരണസ്ഥാപനത്തിലും ആവശ്യപ്പെടുന്നതനുസരിച്ച് അവിടെ എത്തേണ്ടതാണ്. കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഉറവിട മാലിന്യസംസ്ക്കരണ പ്രവർത്തനത്തിൽ അറിവുണ്ടാകുന്നത് അഭികാമ്യമാണ്.

(3) കോർഡിനേറ്റർ

ഹരിതകർമ്മ സേനയുമായും തദ്ദേശഭരണസ്ഥാപനവുമായും നിരന്തരം ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. ഏകോപനത്തിലും ആശയവിനിമയത്തിലും വൈദഗ്ധ്യമുള്ള ആളായിരിക്കണം കോർഡിനേറ്റർ. തദ്ദേശഭരണസ്ഥാപനത്തിനും ജില്ലാമിഷനും ഹരിതകേരളാമിഷനും ആവശ്യമായ റിപ്പോർട്ടുകൾ നൽകേണ്ട ചുമതല കോർഡിനേറ്റർക്കാണ്.

ഹരിതസഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനാവശ്യമായ ടെണ്ടർ നടപടികൾ (E.O.I, R.F.P) മേൽപ്പറഞ്ഞ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഹരിതകേരളാമിഷൻ തയ്യാറാക്കി

ക്ലസ്റ്റർ അഥവാ ജില്ലാ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനത്തെ തെരഞ്ഞെടുക്കേണ്ടതും വേതനം നിശ്ചയിക്കേണ്ടതുമാണ്. ഹരിതസഹായ സ്ഥാപനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തു നൽകുന്ന ചുമതലയും ഹരിതകേരളാമിഷനായിരിക്കും.

3) **തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകൾ**

1. ഹരിത കർമ്മസേന രൂപീകരിക്കുക, പ്രവർത്തിപ്പിക്കുക.
2. ഹരിതകേരളമിഷൻ തെരഞ്ഞെടുത്ത് നൽകുന്ന ഹരിതസഹായ സ്ഥാപനത്തെ നിയമിച്ച് അവരുമായി ധാരണാപത്രം ഒപ്പുവെയ്ക്കുക.
3. ഹരിതകേരളമിഷൻ തയ്യാറാക്കുന്ന മാതൃക അനുസരിച്ച് ആവശ്യകതാ നിർണയ സർവ്വെ ഹരിതകർമ്മസേനയും ഹരിതസഹായ സ്ഥാപനവും മുഖേന നടത്തുക. അതിന്റെ അടിസ്ഥാനത്തിൽ ഓരോ വീടുകളിലും സ്ഥാപനങ്ങളിലും ഏത് സംവിധാനമാണ് എന്നത് തീരുമാനിച്ച് ഹരിതകേരളമിഷന് കൈമാറുക.
4. മേൽപ്പറഞ്ഞ ഡി.പി.ആർ-ന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾക്കായി ഈടാക്കുന്ന ഫീസ് നിശ്ചയിക്കുക (അനുബന്ധം 2-ന് വിധേയമായി), ഇളവുകൾ തീരുമാനിക്കുക, അതനുസരിച്ച് ഹരിതകർമ്മസേനയ്ക്ക് നൽകേണ്ട തുക നിശ്ചയിച്ച് വകയിരുത്തുക.
5. ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനു സഹായധനവും ഇളവുകളും ആവശ്യാനുസരണം വീടുകൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കുക. ഇതിനുള്ള പ്രാഥമിക ചെലവു വഹിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം കോർപ്പസ് ഫണ്ട് / വയബിലിറ്റി ഗ്യാപ് ഫണ്ട് നീക്കിവയ്ക്കുക.
6. എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുക.
7. ഏതെങ്കിലും സ്ഥാപനമോ വീടോ, ശുദ്ധീകരിക്കാത്ത മലിനജലം പൊതുസ്ഥലത്തേക്കോ ജലശേഖരങ്ങളിലേക്കോ ഒഴുക്കുകയോ അനാരോഗ്യകരമായി തളംകെട്ടി നിർത്തുകയോ ചെയ്യുകയും ഹരിത കർമ്മസേന അതിനെതിരെ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്യുന്നതായി റിപ്പോർട്ടു ലഭിച്ചാൽ വീഴ്ച വരുത്തുന്ന സ്ഥാപനത്തിന് പ്രവർത്തനാനുമതി നിഷേധിക്കുകയും പിഴചുമത്തുകയും ചെയ്യുക.
8. ഹരിത കർമ്മസേനയുടെ പ്രവർത്തനത്തെ സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുക.
9. ഹരിത കർമ്മസേനയും ഹരിതസഹായസ്ഥാപനവും മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നടത്തിപ്പിലോ അറ്റകുറ്റപ്പണികളോ പരാതികളോ സമയബന്ധിതമായി പരിഹരിക്കുന്നതിലോ വീഴ്ച വരുത്തുന്നുവെങ്കിൽ അവർക്ക് പിഴചുമത്തുന്നതടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുക.
10. സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിക്കുക.
11. പൊതുസംവിധാനങ്ങൾ സ്ഥാപിക്കുക.
12. ഹരിതസഹായസ്ഥാപനത്തിന്റെ പ്രവർത്തനം തുടർച്ചയായി തൃപ്തികരമല്ലെങ്കിൽ അത് ഹരിതകേരളമിഷനെ അറിയിക്കുകയും ഹരിതകേരള മിഷൻ നിർദ്ദേശിക്കുന്ന പുതിയ സ്ഥാപനത്തെ നിയമിക്കുകയും ചെയ്യുക. ഓരോ ആറുമാസകാലയളവിലും ഹരിതസഹായസ്ഥാപനത്തിന്റെ പ്രവർത്തനമികവ് പരിശോധിക്കേണ്ടതാണ്.
13. മാലിന്യ സംസ്കരണത്തിനാവശ്യമായ തുമ്പൂർമുഴി കമ്പോസ്റ്റിങ് യൂണിറ്റുകൾ, മൊബൈൽ തുമ്പൂർമുഴികൾ, കമ്മ്യൂണിറ്റിബയോഗ്യാസ് പ്ലാന്റുകൾ, അജൈവ മാലിന്യസംഭരണ കേന്ദ്ര(Material Collection Facility–MCF)ങ്ങൾ, വളം ശേഖരിക്കുന്നതിനുള്ള സംവിധാനം, ഇനോക്കുലവും അനുബന്ധസാധനങ്ങളും ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങൾ ഇവ തദ്ദേശഭരണസ്ഥാപനം പദ്ധതിച്ചെലവിൽ ഉൾപ്പെടുത്തി സ്ഥാപിക്കേണ്ടതാണ്. ഉറവിട മാലിന്യസംസ്കരണത്തിനുള്ള ബയോഗ്യാസ്പ്ലാന്റുകൾ, കിച്ചൺ ബിന്നുകൾ

തുടങ്ങിയവയ്ക്ക് സബ്സിഡിയും പിന്നോക്ക വിഭാഗകുടുംബങ്ങൾക്ക് ഉചിതമായ ഇളവുകളും നൽകുന്നതിനും പദ്ധതിവിഹിതം വകയിരുത്തണം.

14. പൊതുമാലിന്യ സംസ്കരണ സംവിധാനത്തോടു ചേർന്ന് അജൈവമാലിന്യ സംഭരണകേന്ദ്ര(MCF)വും, വളവും ഇനോകുലവും അനുബന്ധസാധനങ്ങളും ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലവും, ഹരിതകർമ്മ സേനയുടെ ഓഫീസു പ്രവർത്തിക്കാനുള്ള സൗകര്യമടങ്ങുന്ന കെട്ടിടവും അനുബന്ധ സൗകര്യങ്ങളും തദ്ദേശഭരണസ്ഥാപനം ഒരുക്കേണ്ടതാണ്.
15. ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനം സഹായിക്കേണ്ടതാണ്. ഇതിന്റെ ദൈനംദിന ചെലവുകളും അറ്റകുറ്റപ്പണി കളും അംഗീകൃത വാടകയും ഹരിതകർമ്മസേന വഹിക്കേണ്ടതാണ്.
16. മാലിന്യ സംസ്കരണ നടത്തിപ്പ് സംവിധാനം കമ്പ്യൂട്ടർവത്ക്കരിക്കുമ്പോൾ ഹരിത കർമ്മസേനയ്ക്ക് ആവശ്യമായി വരുന്ന സ്മാർട്ട് ഫോണുകൾ, ടാബുകൾ ഇവ തദ്ദേശ ഭരണസ്ഥാപനം നൽകേണ്ടതാണ്. ഇതിനാവശ്യമായി വരുന്ന ഇന്റർനെറ്റ് സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.
17. ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുനഃചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ സാദ്ധ്യമായയിടങ്ങളിൽ ക്ലീൻ കേരളാകമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യരായ മറ്റ് സമാന സ്ഥാപന ങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനം സ്ഥാപിക്കുന്ന അജൈവമാലിന്യ സംഭരണ കേന്ദ്ര(MCF)ങ്ങളിൽ ശേഖരിക്കുന്ന അജൈവമാലിന്യ ങ്ങൾ ശേഖരിച്ചു കൊണ്ടു പോകേണ്ട ഇടവേളകളും വിലകളും ചാർജ്ജുകളും കരാറിൽ നിബന്ധന ചെയ്തിരിക്കേണ്ടതാണ്.

ഹരിതസഹായ സ്ഥാപനത്തിന്റെ പ്രൊഫഷണൽ വൈദഗ്ദ്ധ്യമുപയോഗിച്ച് മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളിൽ നിന്നും മൂല്യവർദ്ധന മുഖേന പരമാവധി വരുമാനമുണ്ടാക്കുന്നതിന് ബോധപൂർവ്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കണം. ഈ വരുമാനം ഹരിതകർമ്മസേനയെ സാമ്പത്തികമായി സ്വയം പര്യാപ്തമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് കുറച്ചുകൊണ്ടുവരുന്നതിനും പൊതുമാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ നവീകരിക്കുന്നതിനും പര്യാപ്തമായ നിലയിലേക്ക് വിഭാവനം ചെയ്ത് ആസൂത്രിതമായ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കണം. ആത്യന്തികമായി ഗുണഭോക്താക്കളുടെ യൂസർഫീ കുറച്ചുകൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് മാലിന്യ സംസ്ക്കരണ പരിപാടികൾ നടപ്പാക്കണം.

**വിസർജ്ജ്യമാലിന്യസംസ്കരണ** സംവിധാനം- നിലവിൽ കേരളത്തിലുടനീളം ജലശേഖരങ്ങളേയും, ഭൂഗർഭജലത്തേയും മലിനമാക്കുന്ന വിപത്താണ്, ശരിയായി സംസ്കരിക്കപ്പെടാത്ത വിസർജ്ജ്യ മാലിന്യം. ഇത് ഒരിടത്തുനിന്നും ട്രാൻസ്പോർട്ട് ചെയ്ത് ഒരു കേന്ദ്രീകൃത സംസ്കരണ കേന്ദ്രത്തിലെത്തിച്ചു സംസ്കരിക്കുക പൊതുവേ സ്വീകാര്യമാവുകയില്ല.

ഇത് പരിഹരിക്കുന്നതിനായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ശാസ്ത്രീയമായി രൂപകല്പന ചെയ്തു സ്ഥാപിക്കുന്ന വിസർജ്ജ്യ മാലിന്യ സംസ്കരണ സംവിധാനങ്ങൾ (Septage Treatment Plants- STP) ആവശ്യമാണ്. ഇവ സ്ഥാപിക്കുന്നതിന് ഉചിതമായ സ്ഥലം കണ്ടെത്തുകയും സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടതാണ്. ശുചിത്വ മിഷന്റെയോ പാലക്കാടുള്ള ഐ.ആർ.ടി.സിയുടെയോ വിദഗ്ദ്ധ സഹായവും ഉപദേശവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്.

4) **ക്ലീൻകേരളാ കമ്പനിയുടെ ചുമതലകൾ**

1. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും എം.സി.എഫിൽ നിന്നും നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സ്വന്തം ഉത്തരവാദിത്തിൽ ആർ.ആർ.എഫ്-ലേക്ക് സുരക്ഷിതമായി ട്രാൻസ്പോർട്ട് ചെയ്ത് സൂക്ഷിക്കുക. ഇതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ക്ലീൻകേരള കമ്പനി കരാറിൽ ഏർപ്പെടേണ്ടതാണ്.
2. തദ്ദേശഭരണ സ്ഥാപനങ്ങളുടെ എം.സി.എഫിൽ അജൈവ മാലിന്യങ്ങളുടെ സൂക്ഷിപ്പ് പ്രശ്നമായി മാറാത്ത വിധമാകണം ക്ലീൻകേരള കമ്പനി അജൈവ മാലിന്യം നീക്കുന്ന ഇടവേളകൾ നിശ്ചയിക്കുന്നത്.
3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ എം.സി.എഫിൽ അജൈവ മാലിന്യങ്ങൾ എതു തരത്തിലാണ് തരംതിരിച്ച് സൂക്ഷിക്കേണ്ടതെന്ന വ്യക്തമായ നിർദേശം ക്ലീൻകേരള കമ്പനി കരാറിൽ നൽകണം.
4. ആർ.ആർ.എഫിൽ എത്തുന്ന പുനഃചംക്രമണം ചെയ്യാവുന്ന അജൈവ മാലിന്യങ്ങൾ വേണ്ട വിധത്തിൽ സംസ്ക്കരിച്ച് നിശ്ചയിക്കപ്പെട്ട അന്തിമ ഗുണഭോക്താവിന് കൈമാറണം. ഇതിൽ നിന്നുണ്ടാകുന്ന ലാഭം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി പങ്കുവയ്ക്കേണ്ടതാണ്.
5. സംസ്ക്കരിക്കാനോ പുനരുപയോഗത്തിനോ സാധ്യതയില്ലാത്ത അജൈവ മാലിന്യങ്ങൾ സംസ്ഥാനത്തിനകത്തോ പുറത്തോ ഉള്ള ഏജൻസിക്ക് കൈമാറുകയും അതിൽ നിന്നു ലഭിക്കുന്ന ലാഭം തദ്ദേശസ്വയംഭരണ സ്ഥാപനവുമായി പങ്കുവയ്ക്കുകയും വേണം.
6. ഇങ്ങനെ കൈമാറപ്പെടുന്ന വസ്തുക്കൾ സുരക്ഷിതമായി സംസ്ക്കരിക്കാനോ സൂക്ഷിക്കാനോ വാങ്ങുന്ന ഏജൻസിക്ക് സംവിധാനമുണ്ടെന്ന് കമ്പനി ഉറപ്പുവരുത്തിയിരിക്കണം.
7. ആർ.ആർ.എഫ് സ്ഥാപിക്കുന്ന സ്ഥലം, ആർ.ആർ.എഫിന്റെ ഘടന, ആവശ്യമായ യന്ത്രസാമഗ്രികൾ എന്നിവ ക്ലീൻ കേരള കമ്പനി ഹരിതകേരള മിഷനുമായി ആലോചിച്ചു തീരുമാനിക്കേണ്ടതാണ്.
8. ഇതു സ്ഥാപിക്കപ്പെടുന്ന സ്ഥലം ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ അനുമതിയും പങ്കാളിത്തവും ഹരിതകേരള മിഷൻ വഴി ഉറപ്പുവരുത്തണം. കെട്ടിടവും യന്ത്രസാമഗ്രികളും സ്ഥാപിക്കുന്നതിന് ഈ ആർ.ആർ.എഫിന്റെ സേവനം ഉപയോഗപ്പെടുത്തുന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക പങ്കാളിത്തം ഹരിതകേരള മിഷൻ വഴി ലഭ്യമാക്കേണ്ടതാണ്.
9. അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും സംസ്ക്കരിക്കുകയും ചെയ്യുന്ന കേന്ദ്രങ്ങൾ എന്ന നിലയിൽ ആർ.ആർ.എഫുകളെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള ബിസിനസ് പ്ലാൻ ആവിഷ്ക്കരിക്കുകയും ക്രമേണ മാലിന്യ സംസ്ക്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കിവയ്ക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിലേക്ക് ആവശ്യമായ തുക നൽകാനാകുന്ന തരത്തിൽ ആർ.ആർ.എഫുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനി ലക്ഷ്യമിടണം.

5) **ഹരിതകേരളമിഷന്റെ ചുമതലകൾ**

1. വ്യക്തമായ RFP (Request for Proposal)നടപടിയിലൂടെ ക്ലസ്റ്റർ അഥവാ ജില്ലാ അടിസ്ഥാനത്തിലുള്ള ഹരിതസഹായസ്ഥാപനങ്ങളുടെ എംപാനൽമെന്റ് പട്ടിക തയ്യാറാക്കി, ഓരോ ജില്ലയ്ക്കുമുള്ള ഹരിതസഹായസ്ഥാപനത്തെ (സ്ഥാപനങ്ങളെ) നിയോഗിക്കുക.

2. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടുപേർക്ക് വീതം വിവിധ മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങളെക്കുറിച്ചും, നടത്തിപ്പിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുംപരിശീലനം നൽകുക. ഇവരെ സോഷ്യൽ ഓഡിറ്റ് ടീമിലുൾപ്പെടുത്താവുന്നതാണ്.
3. മാലിന്യസംസ്ക്കരണത്തിലും ജൈവപച്ചക്കറി കൃഷിയിലും പരിശീലനം നൽകുന്നതിനുള്ള ഏജൻസികളെ എംപാനൽ ചെയ്യുക. ഈ ഏജൻസികളുടെ സേവനം ഹരിതസഹായ സ്ഥാപനത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.
4. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ജില്ലാമിഷനിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുക.
5. മാലിന്യ സംസ്ക്കരണ പ്രവർത്തന ങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന സർവ്വീസ് പ്രൊവൈഡർമാരെ എംപാനൽ ചെയ്യുക.
6. തദ്ദേശഭരണ സ്ഥാപനം സ്ഥാപി ക്കുന്ന അജൈവമാലിന്യ സംഭരണ കേന്ദ്ര(MCF)ങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിന് ആവശ്യമായ കരാറിൽ ഏർപ്പെടു ന്നതിന് തദ്ദേശഭരണ സ്ഥാപന ങ്ങളെ സഹായിക്കുക.
7. തദ്ദേശഭരണ സ്ഥാപനങ്ങളുടെ MCFകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളുടെ രണ്ടാംഘട്ട തരംതിരിവിനും ഷ്രെഡിങ്ങും ബെയിലിംഗും അടക്കമുള്ള പ്രവർത്തനങ്ങൾക്കും വേണ്ടി റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ ക്ലീൻ കേരള കമ്പനിയും തദ്ദേശഭരണ സ്ഥാപനങ്ങളുമായി കൂടിയോലോചിച്ച് നിശ്ചയിക്കുക (അനുബന്ധം 4 കാണുക). അവയുടെ നടത്തിപ്പ് നിരീക്ഷിക്കുക.
8. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വികേന്ദ്രീകൃതമല്ലാത്ത മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിച്ചു പ്രവർത്തിപ്പിച്ചു വരുന്നുണ്ട്. ഇവയുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും സംസ്ഥാനതലത്തിൽ ഒരു സാങ്കേതികവിദഗ്ദ്ധ സംവിധാനം രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.
9. ജൈവ- അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിനു യോജിച്ച നവീനവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ളവ പരിഷ്കരിക്കുന്നതിനും സാങ്കേതിക-ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുക.
10. ഉപയോഗിച്ച സാനിറ്ററി നാപ്കിനുകളും ഡയപ്പറുകളും സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ വ്യാപകമാകേണ്ടതുണ്ട്. ഇതിനായുള്ള ചെലവുകുറഞ്ഞ ശാസ്ത്രീയ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനുള്ള പഠന-ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക.
11. ഓഫീസുകളിലും വിദ്യാലയങ്ങളിലും പൊതുശൗചാലയങ്ങളിലും സാനിറ്ററി നാപ്കിനുകളുടെ ഉത്പാദകർ അഥവാ വിതരണക്കാരുമായി ചേർന്ന്, എക്സ്റ്റന്റഡ് പ്രൊഡ്യൂസർ ലയബിലിറ്റി സംവിധാനപ്രകാരം, നാപ്കിൻ ഡിസ്പെൻസറുകളോടൊപ്പം യൂസ്ഡ് നാപ്കിൻ ഡിസ്പോസറുകൾ കൂടി നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6) **സോഷ്യൽ ഓഡിറ്റിംഗ്**

തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കുന്ന 3 മുതൽ 5 അംഗങ്ങൾ വരെയുള്ള ടീമാണ് സോഷ്യൽ ഓഡിറ്റിങ്ങ് സമിതി. ഹരിത കേരളാ മിഷൻ നേരിട്ടു പരിശീലനം നൽകുന്നവരെ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. സോഷ്യൽ ഓഡിറ്റിങ്ങ് സമിതി മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരുകയും അതതു തദ്ദേശ സ്വയംഭരണ

സ്ഥാപന തലത്തിൽ നടക്കുന്ന മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം

പ്രധാന പ്രവർത്തനങ്ങൾ

1. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക.
2. ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും വരുന്ന പരാതികൾ പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുക.
3. ഹരിതസഹായ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി തദ്ദേശഭരണ സ്ഥാപനത്തിന് റിപ്പോർട്ടു നൽകുക.
4. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്ന വാർഷിക റിപ്പോർട്ട് തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിക്കു സമർപ്പിക്കുക.

*ഹെൽപ്പ് ഡെസ്കുകൾ*

*ജൈവമാലിന്യങ്ങളുടെ ഉറവിട സംസ്കരണത്തിനും അജൈവ മാലിന്യത്തിന്റെ ശേഖരണം സംഭരണം കൈക്കാര്യം എന്നിവ സംബന്ധിച്ചും പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങളും പരാതികളും തീർപ്പാക്കുന്നതിന് സഹായകരമായ രീതിയിൽ ഹെൽപ്പ് ഡെസ്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഹരിത സഹായസ്ഥാപനവും, ജില്ലാ തലത്തിൽ ജില്ലാ ശുചിത്വ മിഷനും സംസ്ഥാന തലത്തിൽ സംസ്ഥാന ശുചിത്വ മിഷനും പ്രവർത്തിപ്പിക്കേണ്ടതാണ്.*

**6. സാമ്പത്തിക വിശകലനം**

**1. ഹരിത കർമ്മസേന**

1. ഹരിതകർമ്മസേന നൽകുന്ന വിവിധസേവനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്ന നിരക്കിൽ യൂസർഫീ ഈടാക്കാവുന്നതാണ്.
2. ഗാർഹിക സേവനങ്ങൾക്കും സ്ഥാപനങ്ങൾക്കുള്ള സേവനങ്ങൾക്കും വ്യത്യസ്ത രീതിയിൽ യൂസർഫീ തദ്ദേശ സ്വയംഭരണ സ്ഥാപനം തീരുമാനിക്കേണ്ടതാണ്. വീടുകൾക്ക് നിശ്ചയിക്കപ്പെട്ട യൂസർഫീയിൽ അധികരിക്കാൻ പാടുള്ളതല്ല. സ്ഥാപനങ്ങളുടെയും കടകളുടെയും യൂസർഫീ തീരുമാനിക്കുന്നതിനുവേണ്ടി സ്ഥാപനങ്ങളിലെയും കടകളിലെയും മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തി ഇവയെ പല വിഭാഗങ്ങളായി തിരിച്ച് യൂസർഫീ തീരുമാനിക്കേണ്ടതാണ്.
3. പൊതുസംവിധാനങ്ങളുടെ പരിപാലനം ഹരിതകർമ്മസേനയെ ഏൽപ്പിക്കേണ്ടതാണ്. ഇതിനുള്ള പ്രവർത്തന ചെലവ് കണക്കാക്കി തദ്ദേശഭരണസ്ഥാപനം ഹരിതകർമ്മ സേനയ്ക്ക് നല്കേണ്ടതാണ്.
4. തവണ വ്യവസ്ഥയിൽ വീടുകളിൽ സ്ഥാപിക്കുന്ന കിച്ചൺബിൻ, ബയോഗ്യാസ്പ്ലാന്റ് എന്നിവയുടെ ആയുസ്സ് കണക്കാക്കി അതിന്റെ വിലയുടെ നിശ്ചിത ശതമാനം തവണകളായി യൂസർ ഫീയോടൊപ്പം ശേഖരിക്കണം. ഈ തുക കൂടി ഉൾപ്പെടുത്തി യൂസർ ഫീ തീരുമാനിക്കേണ്ടതും ആ തുക ഹരിതകർമ്മസേനയുടെ ഗ്രീൻ സൂപ്പർവൈസർമാർ, വീടുകളിൽ നിന്നും ശേഖരിച്ച് അതാത് മാസം തദ്ദേശഭരണസ്ഥാപനത്തിനെ ഏൽപ്പിക്കേണ്ടതുമാണ്. ഉപഭോക്താക്കൾ സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ളവരാണെങ്കിൽ ആ തുക തദ്ദേശഭരണ സ്ഥാപനം വഹിക്കേണ്ടതാണ്.

**2. ഹരിതസഹായ സ്ഥാപനം**

ഹരിതസഹായ സ്ഥാപനങ്ങൾക്കുള്ള നടത്തിപ്പുതുക ഹരിതകേരളമിഷൻ തീരുമാനിക്കുന്ന പ്രകാരം അതാത് തദ്ദേശ ഭരണ സ്ഥാപനം നൽകേണ്ടതാണ്.

3. **സോഷ്യൽ ഓഡിറ്റ്**

സോഷ്യൽ ഓഡിറ്റ് ടീമിലുള്ള ആളുകൾക്ക് സിറ്റിംഗ്ഫീ ഹരിതകേരളമിഷൻ തീരുമാനിക്കുന്നതിനനുസരിച്ച് അതത് തദ്ദേശഭരണസ്ഥാപനം നൽകേണ്ടതാണ്.

## 7. തുടർനടത്തിപ്പ്

1. സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ സർവ്വെ നടത്തി ഉണ്ടാക്കിയ ഡാറ്റാ ബാങ്ക് പ്രകാരം വീടുകളിൽ നിശ്ചിത ഇടവേളകളിൽ പരിശോധനയും വീഴ്ചവരുത്തുന്നവർക്ക് നിയമപ്രകാരമുള്ള പിഴചുമത്തലും.
2. കച്ചവടസ്ഥാപനങ്ങൾ, ഹോട്ടലുകൾ, ഓഫീസുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലെ മാലിന്യസംസ്കരണം സോഫ്ട് വെയറിന്റെ സഹായത്തോടെ പരിശോധിച്ച് വീഴ്ച വരുത്തുന്നവർക്ക് നിയമപ്രകാരമുള്ള പിഴ ചുമത്തുക.
3. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളെ ക്കുറിച്ച് ജനങ്ങൾ സമർപ്പിക്കുന്ന പരാതികളുടെ പരിശോധനയും തുടർനടപടിയും.
4. പൊതുസംവിധാനങ്ങളിൽ മാലിന്യം എത്തി ക്കാൻ തയ്യാറായിട്ടുള്ളവർ തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്ന ഇടവേളകളിൽ മാലിന്യം എത്തിച്ചുവെന്ന് ഉറപ്പുവരുത്തുക. ഇതിന് ഐ ടി സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണം. മാലിന്യം നേരിട്ടെത്തിക്കുന്നവർക്ക് സ്മാർട്ട് കാർഡുകൾ നല്കുക, തദ്ദേശഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന ഇടവേളകളിൽ മാലിന്യം എത്തിക്കാത്തവരുടെ വീടുകളിലോ സ്ഥാപനങ്ങളിലോ നേരിട്ട് പരിശോധന നടത്തി വീഴ്ച കണ്ടെത്തിയാൽ നിയമാനുസൃതമായ പിഴ ചുമത്തുക.
5. മാലിന്യ സംസ്ക്കരണത്തിന് തെരഞ്ഞെടുക്കുന്ന വീടുകളിൽ ഇടവേളകളിൽ പരിശോധന നടത്തി പ്രവർത്തനം നടക്കുന്നു എന്ന് ഉറപ്പാക്കൽ.
6. എല്ലാ വീടുകളിൽ നിന്നും അജൈവമാലിന്യശേഖരണം നടത്തുന്നുവെന്ന് സോഫ്ട്‌വെയറിന്റെ സഹായത്തോടെ പരിശോധിച്ച് നടപ്പാക്കാത്ത വീടുകളിൽ പരിശോധനയും നടപടിയും.

## 8. ജൈവപച്ചക്കറിക്കൃഷി

1. ജൈവപച്ചക്കറിക്കൃഷി, മാലിന്യസംസ്കരണ പദ്ധതിയുടെ തുടർച്ചയാണ്. ജൈവമാലിന്യങ്ങൾ ജൈവവളമാക്കി മാറ്റുകയും ഇതുപയോഗിച്ച് മികച്ച തോതിലുള്ള ജൈവപച്ചക്കറിക്കൃഷിയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.
2. ജൈവപച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി ചേർന്ന് വിത്ത്, വളം, ഗ്രോബാഗുകളിൽ പച്ചക്കറി, തൈ, ജൈവ കീടനാശിനികൾ ഇവ ഹരിതകർമ്മസേന വഴി വീടുകൾക്ക് ലഭ്യമാക്കുക.
3. ജൈവപച്ചക്കറിക്കൃഷിയിൽ ഹരിതകർമ്മസേനയ്ക്ക്

> ***പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അംഗീകാരം***
>
> *ഹരിത കേരള മിഷന്റെ സുപ്രധാനഘടകമായ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷന്റെ സൂക്ഷ്മ തല നിർവ്വഹണം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും നിക്ഷിപ്തമാണ്. മാലിന്യ സംസ്കരണത്തിനായി മേലെ പ്രതിപാദിച്ചിട്ടുള്ള വിവിധ ഘടകങ്ങളുടെ നിർവ്വഹണം തദ്ദേശ സ്വയം ഭരണ സ്ഥാപന വാർഡു തലം മുതൽ വിലയിരുത്തി ഏറ്റവും മികച്ച പ്രവർത്തനം സംഘടിപ്പിക്കുകയും നൂതന പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അവാർഡ് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. ഉപമിഷന്റെ വിജയകരമായ നടത്തിപ്പിന് സഹായിക്കുന്ന സന്നദ്ധ പ്രവർത്തകർ, റെസിഡൻസ് വെൽഫയർ അസോസിയേഷനുകൾ, ഫ്ളാറ്റ് സമുച്ചയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ആശുപത്രികൾ എന്നിവയും പ്രത്യേകമായി വിലയിരുത്തുകയും ഓരോ വിഭാഗത്തിനും പ്രത്യേകം അവാർഡുകൾ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.*

വളപ്രയോഗം, ജൈവകീടനാശിനിപ്രയോഗം, രോഗങ്ങൾ കണ്ടെത്തലും പ്രതിവിധിയും തുടങ്ങിയ മേഖലകളിൽ സാങ്കേതിക പരിശീലനം നൽകി ഇവരുടെ സേവനം വീടുകൾക്ക് ലഭ്യമാക്കുക. ഇതിന് തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്ന യൂസർഫീ ഹരിതകർമ്മസേനയ്ക്ക് ഈടാക്കാവുന്നതാണ്.

4. വീടുകളിലും സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കപ്പെടുന്ന ജൈവവളം ആവശ്യമില്ലാത്തവരിൽ നിന്നും ഹരിതകർമ്മസേന ശേഖരിച്ച് തദ്ദേശഭരണ സ്ഥാപനത്തിന് നല്കേണ്ടതും തദ്ദേശഭരണ സ്ഥാപനം കൃഷിവകുപ്പിന്റെ സഹായത്തോടെ വളത്തിനെ സമ്പുഷ്ടീകരിച്ച് ആവശ്യക്കാർക്ക് നൽകേണ്ടതുമാണ്.
5. വീടുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ അധികമുള്ളത് ശേഖരിച്ച് വിപണനം നടത്തുന്നതിന് ഹരിതകർമ്മസേനയെ ചുമതലപ്പെടുത്തുക.
6. ഉല്പാദനക്ഷമത കുറഞ്ഞ പച്ചക്കറി തൈകൾ മാറ്റി പുതിയത് നടുന്നതിനും (റീപ്ലാന്റിംഗ്) ഹരിതകർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.ഇതിന് തദ്ദേശഭരണസ്ഥാപനം തീരുമാനിക്കുന്ന ഫീസും ഈടാക്കാവുന്നതാണ്.

## 9. പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിയെന്നു ഉറപ്പാക്കാനുള്ള സൂചകങ്ങൾ

ശുചിത്വ–മാലിന്യ സംസ്കരണ കാമ്പയിനിന്റെ തുടക്കത്തിൽ, തദ്ദേശഭരണ തലത്തിൽ നടത്തുന്ന ആവശ്യകതാ നിർണയ സർവ്വെയിലൂടെ കണ്ടെത്തുന്ന കാര്യങ്ങളാണ് (ഓരോ വീട്ടിലും സ്ഥാപനത്തിലും ഉല്പാദിപ്പിക്കപ്പെടുന്ന ജൈവ/അജൈവ മാലിന്യങ്ങളുടെ അളവും സ്വഭാവവിശേഷവും) ശുചിത്വ–മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനുള്ള അടിസ്ഥാന വിവരശേഖരം. പ്രസ്തുത നിലവാരത്തിൽ നിന്നും തങ്ങളുടെ പ്രദേശത്തെ എത്രത്തോളം മുന്നോട്ടു നയിക്കാനായി എന്ന വിശകലനമാണ് ഓരോ തലത്തിലും ഉണ്ടാകേണ്ടത്. ഇതിനായി താഴെപ്പറയുന്ന സൂചകങ്ങളാണ് പരിശോധിക്കപ്പെടേണ്ടത്.

**ഹരിത കർമ്മസേനയുടെ തലത്തിൽ**

1. എത്രശതമാനം വീടുകളിലും സ്ഥാപനങ്ങളിലും സ്വന്തമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ച് ഉപയോഗിക്കപ്പെടുന്നു.
2. എത്ര ശതമാനം വീടുകളും സ്ഥാപനങ്ങളും സ്വന്തം നിലയ്ക്ക് (തരംതിരിച്ച) മാലിന്യം സുരക്ഷിതമായി പൊതു മാലിന്യസംസ്കരണ സംവിധാനത്തിലേക്ക് എത്തിച്ചു തരുന്നു.
3. എത്ര ശതമാനം വീടുകളും സ്ഥാപനങ്ങളുംമാലിന്യം പൊതു മാലിന്യസംസ്കരണ സംവിധാനത്തിലേക്ക് എത്തിക്കുന്നതിന് ഹരിത കർമ്മസേനയുടെ സേവനം ഉപയോഗിക്കുന്നു.
4. കച്ചവട സ്ഥാപനങ്ങൾ /മാർക്കറ്റുകൾ/ഗേറ്റഡ് കോളനികൾ/ഫ്ളാറ്റ് സമുച്ചയങ്ങൾ എന്നിവയിൽ ഓരോന്നിലും എത്ര ശതമാനം സ്വന്തമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ച് ഉപയോഗിക്കുന്നു.
5. ഈ പ്രവർത്തനങ്ങളുമായി സഹകരിക്കാതെ മാറി നിൽക്കുന്നവർ (ഓരോ വിഭാഗത്തിലും) എത്ര ശതമാനം.
6. എത്ര ശതമാനം വീടുകളിലും സ്ഥാപനങ്ങളിലും അജൈവമാലിന്യ ശേഖരണം നടത്തുന്നു.
7. വിലയിരുത്തുന്ന കാലയളവിൽ എത്ര പ്രശ്നങ്ങൾ അഥവാ തകരാറുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടു. അവയിലെത്ര ഹരിത കർമ്മസേനയ്ക്കു തന്നെ പരിഹരിക്കാനായി.

**തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ**

ഹരിത കർമ്മസേനയുടെ തലത്തിൽ പരിശോധിക്കപ്പെടുന്ന സൂചകങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനതല ക്രോഡീകരണത്തിനു പുറമേ ഇനിപ്പറയുന്നവ കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പരിശോധിക്കപ്പെടണം.

1. ആകെ സ്ഥാപിക്കപ്പെട്ട പൊതു മാലിന്യസംസ്കരണ സംവിധാനങ്ങളിൽ എത്രയെണ്ണംഫലപ്രദമായി പ്രവർത്തിപ്പിക്കപ്പെടുന്നു?
2. ആകെയുള്ള ഹരിതകർമ്മസേനകളിൽ എത്രയെണ്ണം ഫലപ്രദമായി പ്രവർത്തിക്കുന്നു?
3. അജൈവ മാലിന്യപരിപാലനത്തിനായി ആരംഭിച്ച എത്ര മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നു?
4. റീസൈക്ലിംഗിനായി ഓരോ പാദവർഷത്തിലും കൈമാറ്റം ചെയ്ത അജൈവ മാലിന്യത്തിന്റെ അളവ്, ആകെ അജൈവ മാലിന്യത്തിന്റെ അളവിൽ കുറവു വരുന്നുണ്ടോ?
5. എത്ര നിയമലംഘനങ്ങൾ (ആയിരം വീടുകളിൽ എത്രപേർ, നൂറു സ്ഥാപനങ്ങളിൽ എത്രപേർ) കണ്ടെത്തി, അവയിലെത്ര ഇനി ആവർത്തിക്കാത്ത വിധം പരിഹരിക്കാനായി?
6. എത്രയിടങ്ങളിൽ ജൈവമാലിന്യത്തിൽ നിന്നുള്ള കമ്പോസ്റ്റ് ഉപയോഗിച്ച് ജൈവകൃഷി നടത്താനായി?
7. കമ്പോസ്റ്റിങ്ങിനും ജൈവകൃഷിക്കും ആവശ്യമായ സഹായകവസ്തുക്കൾ (ചകിരിച്ചോറ്, ഇനോക്കുലം, വിത്തുകൾ തുടങ്ങിയവ) പ്രാദേശികമായി ഉത്പാദിപ്പിക്കാനാകുന്നുണ്ടോ?

**ജില്ലാതലത്തിൽ**

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തലത്തിൽ പരിശോധിക്കപ്പെടുന്ന സൂചകങ്ങളുടെ ജില്ലാതല ക്രോഡീകരണത്തിനു പുറമേ, ഇനിപ്പറയുന്നവ കൂടി ജില്ലാതലത്തിൽ പരിശോധിക്കപ്പെടണം.

1. ജില്ലയിൽ വിസർജ്ജ്യ മാലിന്യ സംസ്കരണത്തിനായി എത്ര പ്ലാന്റുകൾ സ്ഥാപിക്കപ്പെട്ടു, അവയിൽ എത്ര ശതമാനം ഫലപ്രദമായി പ്രവർത്തിക്കുന്നു?
2. ജില്ലയിലെ പൊതുസ്ഥലങ്ങളും നദികളും തണ്ണീർത്തടങ്ങളും അടക്കമുള്ള ജലസ്രോതസ്സുകളും മാലിന്യ മുക്തമായിട്ടുണ്ടോ?
3. അജൈവ മാലിന്യ സംസ്കരണത്തിനായി ആരംഭിച്ച എത്ര റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (RRF) ഫലപ്രദമായി പ്രവർത്തിക്കുന്നു?

അനുബന്ധം 1

**നവകേരളം കർമ്മ പദ്ധതി ഹരിതകേരളം മിഷൻ**

**ശുചിത്വ-മാലിന്യസംസ്കരണ ഉപമിഷൻ**

.......................................... ***(തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പൂർണ്ണ വിലാസം)***

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽഹരിത കർമ്മസേന രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് താത്പര്യപത്രങ്ങൾക്ഷണിക്കുന്ന അറിയിപ്പ്

നോട്ടിഫിക്കേഷൻനമ്പർ. .................................. തീയതി ................................

1. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ കീഴിലുള്ള ശുചിത്വ-മാലിന്യസംസ്കരണ ഉപമിഷൻപ്രവർത്തനങ്ങളുടെ ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി ................ ജില്ലയിലെ ....................................... *(തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്)* പ്രാദേശികമായി ഹരിതകർമ്മസേന രൂപീകരിക്കുന്നു. ഈ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുള്ള എല്ലാ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളുമടക്കം മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്ന എല്ലാ സ്ഥലങ്ങളും നിരീക്ഷിക്കുകയും ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യം സുരക്ഷിതവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങളിലൂടെ സംസ്കരിക്കുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള നടപടികൾസ്വീകരിക്കുകയും ഇതു സംബന്ധിച്ച് നിശ്ചിത ഇടവേളകളിൽതദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ടുകൾനൽകുകയുമടക്കമുള്ള പ്രവർത്തനങ്ങളാണ് ഹരിതകർമ്മസേന നിർവ്വഹിക്കേണ്ടത്. ഇത് സംരംഭകത്വ മാതൃകയിൽഏറ്റെടുത്തു നടത്താൻതാത്പര്യമുള്ളവരിൽനിന്ന്, ഹരിത കർമ്മസേന രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.
2. മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽമുൻപരിചയമുള്ള സർക്കാരിതര സംഘടനകൾ, സ്വകാര്യ സംരംഭകർതുടങ്ങിയവർക്കാണ് ഹരിത കർമ്മസേന രൂപീകരണത്തിനായി താത്പര്യപത്രം സമർപ്പിക്കാവുന്നത്.
3. നിർവ്വഹിക്കപ്പെടേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ താഴെപ്പറയുന്ന വിധമാണ്.

   എളുപ്പം ചീഞ്ഞളിയാനിടയുള്ള ജൈവമാലിന്യം അതിന്റെ ഉറവിടത്തോട് ഏറ്റവുമടുത്ത് അതാതു ദിവസം തന്നെ സംസ്കരിക്കുകയും പുനഃചംക്രമണത്തിലൂടെ സംസ്കരിക്കപ്പെടേണ്ട പ്ലാസ്റ്റിക്കും ചില്ലും ലോഹവുമടക്കമുള്ള മാലിന്യങ്ങൾകൃത്യമായ ഇടവേളകളിൽശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയക്കുകയും ചെയ്യുക എന്നതാണ് ശുചിത്വ-മാലിന്യസംസ്കരണ ഉപമിഷൻമുന്നോട്ടുവയ്ക്കുന്ന സമീപനം.

   ഇതിനായി ഗാർഹിക തലത്തിൽജൈവമാലിന്യ സംസ്കരണത്തിന് കിച്ചൺബിൻകമ്പോസ്റ്റിങ്ങ് യൂണിറ്റുകൾ, ജൈവവാതക പ്ലാന്റുകൾ, കലം കമ്പോസ്റ്റിങ്ങ് യൂണിറ്റുകൾതുടങ്ങിയവ (ഓരോ വീട്ടിലും ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവു കണക്കാക്കി ഉചിതമായ സംസ്കരണ സംവിധാനം) സ്ഥാപിക്കപ്പെടണം. സ്ഥലപരിമിതി കൊണ്ടോ പരിപാലന സൗകര്യക്കുറവു കാരണമോ സ്വന്തമായി ജൈവമാലിന്യ സംസ്കരണസംവിധാനം സ്ഥാപിക്കാനാകാത്ത വീടുകളിലെ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് പൊതു സംസ്കരണ കേന്ദ്രങ്ങളും (തുമ്പൂർമൂഴി മാതൃകയിലുള്ള എയ്റോബിൻകമ്പോസ്റ്റിങ്ങ് യൂണിറ്റുകളോ വലിയ ജൈവവാതക പ്ലാന്റുകളോ) ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലുമുണ്ടായിരിക്കും. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കപ്പെടുന്ന അജൈവമാലിന്യങ്ങൾപുനഃചംക്രമണകേന്ദ്രങ്ങളിലേക്ക് അയക്കുന്നതുവരെ

സുരക്ഷിതമായി സൂക്ഷിക്കാനുള്ള സംവിധാനവും (Material Collection Facility- MCF) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുമുണ്ടായിരിക്കും.

ഇവയിൽഏതൊക്കെ എവിടൊക്കെ സ്ഥാപിക്കണമെന്ന് കണ്ടെത്താനുള്ള ആവശ്യകത നിർണ്ണയ സർവ്വേ, ഹരിതകേരള മിഷൻതയ്യാറാക്കി നൽകുന്ന മൊബൈൽആപ്ലിക്കേഷൻഅധിഷ്ഠിതമായി നടത്തി വിവരങ്ങൾഹരിത സഹായ സ്ഥാപനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും നൽകുകയാണ് ഹരിതകർമ്മസേനയുടെ ആദ്യ ഉത്തരവാദിത്തം.

തുടർന്ന്തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന ഫീസുനിരക്കുകൾഈടാക്കിക്കൊണ്ട് മേൽപ്പറഞ്ഞ സംവിധാനങ്ങൾകുറ്റമറ്റരീതിയിൽപ്രവർത്തിപ്പിക്കുക ഹരിതകർമ്മസേനയുടെ ഉത്തരവാദിത്തമായിരിക്കും.

ഗുണഭോക്താക്കൾക്ക്അഞ്ചുതരത്തിലുള്ള സേവനങ്ങൾനൽകാൻഹരിതകർമ്മസേന പ്രാപ്തരായിരിക്കണം.

1. വീട്ടിൽ/സ്ഥാപനത്തിൽസ്വന്തമായി ജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ച് ഉപയോഗിക്കുന്നയിടങ്ങളിൽരണ്ടാഴ്ചയിലൊരിക്കൽസന്ദർശനം നടത്തി അത് ശരിയായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
2. കമ്പോസ്റ്റിങ്ങ് മാർഗ്ഗം സ്വീകരിക്കുന്ന വീട്ടുകാർക്ക് മാസത്തിലൊരിക്കൽആവശ്യമായ ബാക്ടീരിയൽഇനോക്കുലം എത്തിച്ചുകൊടുക്കുക
3. സ്വന്തമായി ജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കാത്ത വീടുകളിലെ മാലിന്യം (അവരേനരിട്ട് എത്തിക്കുന്നില്ലെങ്കിൽ) എല്ലാ ദിവസവും ശേഖരിച്ച് പൊതു മാലിന്യസംസ്കരണ കേന്ദ്രങ്ങളിലെത്തിച്ച് സംസ്കരിക്കുക
4. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും കൃത്യമായ ഇടവേളകളിൽഅജൈവമാലിന്യം ശേഖരിച്ച് MCF- കളിൽതരംതിരിച്ച് സൂക്ഷിക്കുക.
5. കമ്പോസ്റ്റിങ്ങ് മാർഗ്ഗം സ്വീകരിക്കുന്ന വീട്ടുകാർഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ് (അവർഉപയോഗിക്കുന്നില്ലെങ്കിൽ) നിശ്ചിത വിലനൽകി വാങ്ങി ആവശ്യക്കാർക്ക് വിൽക്കുക.

ഇതിനുപുറമേ തദ്ദേശഭരണസ്ഥാപനത്തിനു പൊതുവായി മറ്റ് അഞ്ചു തരത്തിലുള്ള സേവനങ്ങൾകൂടി ഇവർക്ക് നൽകാനാകണം

1. ഓരോ വീട്ടിലും സ്ഥാപനത്തിലും സ്ഥാപിക്കപ്പെടുന്ന മാലിന്യസംസ്കരണ സംവിധാനം ശരിയായി പ്രവർത്തിപ്പിക്കപ്പെടുന്നു എന്നുറപ്പാക്കുന്നതിന് ആഴ്ചയിൽഒരിക്കൽനേരിട്ടുള്ള സന്ദർശനവും അതു സംബന്ധിച്ച് സൂപ്പർവൈസർമാർവഴി പ്രതിമാസ റിപ്പോർട്ടുകൾനൽകലും.
2. പൊതു ജൈവമാലിന്യസംസ്കരണ സംവിധാനത്തിന്റെ പരിപാലനം.
3. ഗാർഹിക യൂണിറ്റുകളിലോ പൊതു സംസ്കരണ സംവിധാനത്തിലോ പ്രവർത്തന തകരാറുണ്ടായാൽ24 മണിക്കൂറിനുള്ളിൽഅത് പരിശോധിച്ച് പരിഹരിക്കുക. ഹരിതകർമ്മ സേനക്ക് പരിഹരിക്കാനാകാത്ത തകരാറുകളെ, ഹരിതകേരളം മിഷൻനിയോഗിച്ചിട്ടുള്ള സാങ്കേതികവൈദഗ്ധ്യമുള്ള സംഘടന(Technology Provider)യായ ഹരിത സഹായ സ്ഥാപനത്തിന്റെ സഹായം ലഭ്യമാക്കിക്കൊണ്ട് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽപരിഹരിക്കുന്നു എന്ന് ഉറപ്പാക്കൽ.

6. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് MCF-കളിൽസൂക്ഷിക്കുന്ന അജൈവമാലിന്യം, തദ്ദേശ സ്വയംഭരണസ്ഥാപനം നിർദ്ദേശിക്കുന്ന ഇടവേളകളിൽപുനഃചംക്രമണത്തിനായി ക്ലീൻകേരളാ കമ്പനിക്കു കൈമാറുക.

4. ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളിൽഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് പ്രാദേശികമായി (വീടുകളിലും, കഴിയുമെങ്കിൽപൊതുസ്ഥലങ്ങളിലും) ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും അതിനുള്ള സഹായക സേവനങ്ങൾനൽകലും

മേൽപ്പറഞ്ഞ സേവനങ്ങളെല്ലാം നൽകാൻപര്യാപ്തമായ സംഘടനാസംവിധാനം ഹരിത കർമ്മസേന രൂപീകരണത്തിനായി താത്പര്യപത്രം സമർപ്പിക്കുന്ന സംഘടനയ്ക്ക് ഉണ്ടായിരിക്കണം.

4. ഹരിതകർമ്മസേനയായി തെരഞ്ഞെടുക്കപ്പെടുന്ന സംഘടന അഥവാ സംരംഭകർ, തുടക്കത്തിൽതദ്ദേശ സ്വയംഭരണ സ്ഥാപനവുമായി രണ്ടു വർഷക്കാലത്തെ പ്രവർത്തനത്തിനുള്ള കരാറിലാണ് ഏർപ്പെടേണ്ടത്. പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർന്നുള്ള വർഷങ്ങളിലേക്ക് ഈ കരാർപുതുക്കപ്പെടുക.

5. സർവ്വേയിലൂടെ മുൻകൂട്ടി തീരുമാനിക്കപ്പെട്ട വീടുകളിൽനിന്ന് നേരിട്ട് ജൈവമാലിന്യം ശേഖരിക്കുക, ആഴ്ചയിൽഒരിക്കൽഎല്ലാവീടും സന്ദർശിച്ച് അവിടെയുള്ള ഉറവിടജൈവമാലിന്യ സംസ്കരണ സംവിധാനം ശരിയായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുക, പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനം പ്രവർത്തിപ്പിക്കുക, നിശ്ചിത ഇടവേളകളിൽഅജൈവ മാലിന്യം വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് MCF- കളിൽതരംതിരിച്ച് സൂക്ഷിക്കുക, കമ്പോസ്റ്റിന്റെ പരിപാലനവും ജൈവകൃഷിക്കുള്ള സഹായസേവനവും നടത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾനേരിട്ട് ചെയ്യാൻസന്നദ്ധതയുള്ള, ആവശ്യമായ എണ്ണം പ്രവർത്തകർതാത്പര്യപത്രം സമർപ്പിക്കുന്ന സംഘടനയ്ക്ക് ഉണ്ടായിരിക്കണം.

6. ചെയ്യേണ്ട പ്രവർത്തനങ്ങളുടെ സ്വഭാവവും പ്രാധാന്യവും വൈപുല്യവും പൂർണ്ണമായി ഉൾക്കൊണ്ടുവേണം താത്പര്യപത്രം സമർപ്പിക്കുന്നത്.

7. ഹരിത കർമ്മസേന രൂപീകരണത്തിനായി താത്പര്യപത്രം തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് ഈ നോട്ടിഫിക്കേഷന് അനുബന്ധമായി നൽകുന്നു.

8. ഇതു സംബന്ധിച്ച സംശയങ്ങൾ.................... ന് മുമ്പായി ................................. *(തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്)* സെക്രട്ടറിക്ക് സമർപ്പിക്കാവുന്നതാണ്. സംശയങ്ങൾപരിഹരിക്കുന്നതിനും പ്രവർത്തനവിശദാംശങ്ങൾചർച്ച ചെയ്യുന്നതിനുമായി .................................... ന് ......................................... ൽവച്ച് പ്രീബിഡ് യോഗം നടത്തുന്നതാണ്. താത്പര്യപത്രം സമർപ്പിക്കാനാഗ്രഹിക്കുന്നവർഈ യോഗത്തിൽപങ്കെടുക്കേണ്ടതാണ്.

9. താത്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ..................... ആയിരിക്കും.

10. അപേക്ഷകരുടെ മുൻകാല പ്രവർത്തന മികവ്, പ്രവർത്തന പരിചയം, ജനകീയത, സംഘടനാ സംവിധാനത്തിന്റെ കെട്ടുറപ്പ്, ഈ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിലാണ് താത്പര്യപത്രം വിലയിരുത്തപ്പെടുക.

11. പൊതുവായ സമയക്രമം താഴെ കൊടുക്കുന്നു.

| | |
|---|---|
| താത്പര്യപത്രം ക്ഷണിക്കുന്ന നോട്ടിഫിക്കേഷൻതീയതി | .................. |
| ഇതു സംബന്ധിച്ച സംശയങ്ങൾസെക്രട്ടറിക്കു ലഭിക്കേണ്ട അവസാന തീയതി | .................. |
| സംശയദൂരീകരണ പ്രീബിഡ് യോഗം | .................. |
| താത്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | .................. |
| ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട അപേക്ഷകരുടെ പട്ടിക പ്രസിദ്ധപ്പെടുത്തൽ | .................. |
| അന്തിമ തെരഞ്ഞെടുപ്പിനുള്ള ചർച്ചകൾ | .................. |
| തെരഞ്ഞെടുക്കപ്പെടുന്ന സംഘടന / സ്ഥാപനം തദ്ദേശ സ്വയംഭരണ | .................. |

| | |
|---|---|
| സ്ഥാപനവുമായി കരാറിൽഏർപ്പെടേണ്ട അവസാന തീയതി | |
| ഹരിത കർമ്മസേന പരിശീലനം | ................... |

സ്ഥലം                                                                 സെക്രട്ടറി

തീയതി                                  ............................ ................ ..............................

*(തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്)*

**അനുബന്ധം**

**ഹരിത കർമ്മസേന രൂപീകരണത്തിനായി**

**താത്പര്യപത്രം തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ്**

**ഫോറം 1 - ഉപരിപത്രം (അപേക്ഷകരുടെ പൊതു വിവരങ്ങൾ)**

നമ്പർ........................                                                  തീയതി.................

പ്രേക്ഷിതൻ

..............................................

സ്വീകർത്താവ്

സെക്രട്ടറി

. ............................. ................. .........*(തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്)*

സർ,

വിഷയം - ഹരിതകർമ്മസേന രൂപീകരണത്തിനുള്ള താത്പര്യപത്രം

................... .........(തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്) പുറപ്പെടുവിച്ചിട്ടുള്ള ............................ നമ്പർനോട്ടിഫിക്കേഷന് അനുസൃതമായി ഹരിതകർമ്മസേന രൂപീകരിച്ച് പ്രവർത്തിക്കാൻഞങ്ങൾതാത്പര്യപ്പെടുന്നു. അതിനായി നിർദ്ദിഷ്ട ഫോർമാറ്റിലുള്ള അപേക്ഷ ഇതിനാൽസമർപ്പിക്കുന്നു.

| | | | |
|---|---|---|---|
| അപേക്ഷകരായ സംഘടനയുടെ / സ്ഥാപനത്തിന്റെ പൂർണ്ണ വിലാസം | | | |
| സംഘടനയുടെ / സ്ഥാപനത്തിന്റെ മേധാവിയുടെ പേര്, സ്ഥാനപ്പേര് | | | |
| ഓഫീസ് ഫോൺനമ്പർ<br>ഇമെയിൽവിലാസം<br>വെബ് സൈറ്റ് വിലാസം | | | |
| തുടർന്നുള്ള ചർച്ചകൾക്കായി ബന്ധപ്പെടേണ്ടയാളുടെ പേര്,<br>തസ്തികാ നാമം,<br>മൊബൈൽനമ്പർ,<br>ഇമെയിൽവിലാസം | | | |
| കഴിഞ്ഞ മൂന്നു വർഷക്കാലത്ത് സംഘടന/ സ്ഥാപനം ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ | | | |
| കഴിഞ്ഞ മൂന്നു വർഷക്കാലത്തെ വാർഷിക വരുമാനം | | | |

ഹരിതകർമ്മസേന നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചും പ്രവർത്തനങ്ങളുടെ സ്വഭാവത്തെക്കുറിച്ചും ഞങ്ങൾക്ക് വ്യക്തമായ ധാരണയുണ്ട്. അവ ഞങ്ങൾക്ക് നിർവ്വഹിക്കാനാകുമെന്നും ഞങ്ങളുടെ പ്രവർത്തനങ്ങൾസംബന്ധിച്ച് ഉള്ളടക്കം ചെയ്യുന്ന വിവരങ്ങൾവസ്തുനിഷ്ഠമാണെന്നും ഉറപ്പ് തരുന്നു.

വിശ്വാസപൂർവ്വം.

.........................................................

പേര്, വിലാസം, ഓഫീസ് സീൽ

---

**ഫോറം 2- അപേക്ഷകരുടെ പ്രവർത്തന വിശദാംശങ്ങൾ**

| | |
|---|---|
| അപേക്ഷകരായ സംഘടനയുടെ / സ്ഥാപനത്തിന്റെ പൂർണ്ണ വിലാസം | |
| സംഘടനയുടെ / സ്ഥാപനത്തിന്റെ തരം | |
| രൂപീകരിച്ച വർഷം | |
| രജിസ്ട്രേഷൻനമ്പർ | |
| പ്രധാന പ്രവർത്തന മേഖലകൾ | |
| മുൻകാലത്ത് ഏറ്റെടുത്ത പ്രധാന പ്രോജക്ടുകൾ | |
| മാലിന്യ സംസ്കരണരംഗത്ത് ഏറ്റെടുത്തിട്ടുള്ള | |

| | |
|---|---|
| പ്രവർത്തനങ്ങൾ(ഓരോന്നിന്റെയും ലക്ഷ്യം, നിർവ്വഹണ കാലയളവ്, പ്രവർത്തന പ്രദേശം, സവിശേഷതകൾ, പദ്ധതി ചെലവ്, കൈവരിച്ച നേട്ടം എന്നിവ വിശദമാക്കുന്ന കുറിപ്പ് ഉള്ളടക്കം ചെയ്യുക) | |
| സംഘടനയുടെ / സ്ഥാപനത്തിന്റെ ജീവനക്കാരായി മാലിന്യ സംസ്കരണരംഗത്ത് വൈദഗ്ദ്ധ്യമുള്ള എത്ര പ്രവർത്തകരുണ്ട് | |
| അവരുടെ വിശദാംശങ്ങൾ(പേര്, വിദ്യാഭ്യാസ യോഗ്യത, മാലിന്യ സംസ്കരണരംഗത്തെ പ്രവർത്തന പരിചയം, പ്രവർത്തന മേഖല വിശദമായ പട്ടിക ഉള്ളടക്കം ചെയ്യുക) | |
| നിലവിൽസംഘടനയുടെ / സ്ഥാപനത്തിന്റെ ജീവനക്കാരായുള്ള ഫീൽഡുതല പ്രവർത്തകരുടെ എണ്ണം | |
| മാലിന്യ സംസ്കരണരംഗത്ത് സംഘടനയുടെ / സ്ഥാപനത്തിന്റെ സവിശേഷ മികവുകളും ശേഷികളും | |
| മാലിന്യ സംസ്കരണരംഗത്ത് സംഘടനയ്ക്ക് / സ്ഥാപനത്തിന് ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ, അംഗീകാരങ്ങൾ | |

അനുബന്ധം 2

യൂസർഫീ

1) സ്വന്തമായി ജൈവമാലിന്യ സംസ്ക്കരണം നടത്തുന്ന വീടുകൾ (കിച്ചൺ ബിൻ, പോട്ട് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, വളക്കുഴിമുഖേന) ഹരിത കർമ്മസേനാംഗം മാസത്തിൽ രണ്ടുതവണ പരിശോധന നടത്തുന്നതിനും അജൈവ മാലിന്യം ശേഖരിക്കുന്നതിനുമായി 60 രൂപാ മാസംതോറും നൽകേണ്ടതാണ്.

2) കിച്ചൺബിൻ മുതലായ ഉപാധികൾ മുഖേന മാലിന്യ സംസ്ക്കരണം നടത്തുന്ന വീടുകൾക്ക് ആവശ്യമായ ഇനോക്കുലം (1 മാസത്തേയ്ക്ക് 30 ലിറ്റർ) നൽകുകയും ആഴ്ചയിലൊരു സന്ദർശനം നടത്തുകയും അജൈവ മാലിന്യം ശേഖരിക്കുകയും സ്വന്തമായി ഉപയോഗിക്കുന്നില്ലെങ്കിൽ ജൈവവളം തിരികെശേഖരിക്കുകയും ചെയ്യുന്നതിന് ഹരിതകർമ്മസേനയ്ക്ക് ഓരോമാസവും 250 രൂപ (ഇനാക്കുലത്തിന്റെ വിലയുൾപ്പെടെ) നൽകേണ്ടതാണ്.

3) എല്ലാദിവസവും ജൈവമാലിന്യ ശേഖരണം ആവശ്യപ്പെടുന്ന വീടുകൾ പ്രതിമാസം 800രൂപ (അജൈവമാലിന്യ ശേഖരണത്തിന് ഉൾപ്പെടെ) ഹരിതകർമ്മസേനയ്ക്ക് നൽകേണ്ടതാണ്.

4) കിച്ചൺബിൻ മുതലായ ഉപാധികൾ ഉപയോഗിച്ച് മാലിന്യ സംസ്ക്കരണം നടത്തുന്ന വീടുകളിൽ അതിലൂടെ ലഭിക്കുന്ന ജൈവവളം ഉപയോഗിച്ച് പച്ചക്കറി ക്യഷിചെയ്യുമെങ്കിൽ ആവശ്യമായ ഇനോക്കുലം (പ്രതിമാസം 30 ലിറ്റർ) നൽകുന്നതിനു പുറമെ ഹരിതസേനാംഗം ആഴ്ചയിലൊരിക്കൽ വീട് സന്ദർശിക്കുകയും ജൈവ പച്ചക്കറിക്ക്യഷി പരിപാലി ക്കുകയും ചെയ്യുന്നതിന് പ്രതിമാസം 300 രൂപ (അജൈവമാലിന്യ ശേഖരണത്തിന് ഉൾപ്പെടെ) ഫീസായി നൽകേണ്ടതാണ്.

5) സ്ഥാപനങ്ങൾ സ്വന്തമായി ഏർപ്പെടുത്തുന്ന സംവിധാനം ചുരുങ്ങിയത് ആഴ്ചയിലൊരിക്കൽ ഹരിതകർമ്മസേനാംഗം പരിശോധിക്കുന്നതിനും, ദൈനംദിനം ജൈവമാലിന്യം ശേഖരിക്കുന്നതിനും, അജൈവ മാലിന്യം നിർദ്ദിഷ്ട കാലയളവിൽ ശേഖരിക്കുന്നതിനും അനുയോജ്യമായ യൂസർഫീയും കാലാവധിയും തദ്ദേശസ്ഥാപനത്തിന് തീരുമാനിക്കാവുന്നതാണ്.

അനുബന്ധം 3

## ആശുപത്രികളുടെ ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുമ്പോൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ട നടപടികൾ

1. ആശുപത്രിയും പരിസരവും വൃത്തിയും ശുചിത്വമുള്ളതുമായി നിലനിർത്തുന്നതിന് സമഗ്രമായ പരിസ്ഥിതി പരിപാലന പദ്ധതി (Environment Management Plan) തയ്യാറാക്കണം.
2. പരിസ്ഥിതി പരിപാലന പദ്ധതിയിൽ ശുചിത്വ-മാലിന്യ സംസ്കരണവും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തണം.
3. ശുചിത്വ-മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.
   a. ഖരമാലിന്യം തരം തിരിക്കൽ- ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വെവ്വേറെ തരംതിരിച്ച് സൂക്ഷിക്കണം. ബയോമെഡിക്കൽ വേസ്റ്റ് വേർതിരിച്ച് സൂക്ഷിക്കുന്നതിനും സംസ്കരണത്തിനായി കൈമാറുന്നതിനും ആശുപത്രി അധികൃതർ പ്രത്യേക സംവിധാനം ഏർപ്പെടുത്തും. (നിലവിൽ "ഇമേജ്" എന്ന സ്ഥാപനം മുഖേന ബയോമെഡിക്കൽ വേസ്റ്റ് സംസ്കരിക്കപ്പെടുന്നുണ്ട്)
   b. ജൈവമാലിന്യങ്ങളുടെ സംസ്കരണത്തിന് കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികൾ സ്വീകരിക്കാവുന്നതാണ്.
   c. അജൈവമാലിന്യങ്ങൾ വൃത്തിയാക്കി സംഭരിക്കുന്നതിന് ഒരു മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആശുപത്രി കോമ്പൗണ്ടിൽ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. ഇവിടെനിന്നും റീസൈക്ളിംഗിനായി നേരിട്ട് കൈമാറ്റം ചെയ്യാവുന്നതാണ്.
   d. നിലവിലുള്ള ശൗചാലയങ്ങൾ വൃത്തിയും വെടിപ്പുമുള്ളതാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തണം. രോഗികളുടേയും ആശുപത്രി ജീവനക്കാരുടെയും എണ്ണത്തിന് ആനുപാതികമായി ശൗചാലയങ്ങളില്ലെങ്കിൽ പുതിയ ശൗചാലയങ്ങൾ നിർമ്മിക്കണം.
   e. ശൗചാലയങ്ങളിലെ സെപ്റ്റിക് ടാങ്കുകളിൽ ശേഖരിക്കപ്പെടുന്ന മാലിന്യം സംസ്കരിക്കുന്നതിന് പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റു പോലുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.
4. ആശുപത്രികളിലെ ശുചിത്വ-മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ എല്ലാം തന്നെ ആരോഗ്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പുവരുത്തുന്നതായിരിക്കണം. കൂടാതെ എല്ലാ നിർമ്മിതികളും സ്ത്രീസൗഹൃദവും ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും സൗകര്യപ്രദവുമായിരിക്കണം.
5. പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ആശുപത്രി പരിസരത്ത് പൂന്തോട്ടം ഒരുക്കുകയും ഫലവൃക്ഷങ്ങളും തണൽ മരങ്ങളും നട്ടുപിടിപ്പിക്കുകയും ചെയ്യുന്നത് ഗുണകരമായിരിക്കും. രോഗീസൗഹൃദ ആശുപത്രി എന്ന "ആർദ്രം" മിഷന്റെ കാഴ്ചപ്പാട് എല്ലാ പ്രവർത്തനങ്ങളിലും പ്രതിഫലിക്കണം.
6. ആശുപത്രികളിലെ ശുചിത്വ-മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് അനുവർത്തിക്കേണ്ട ചിട്ടകൾ ചുവടെ ചേർക്കുന്നു.
   a. നിലവിലുള്ള സൗകര്യങ്ങളും അവയുടെ അവസ്ഥയും പരിഗണിച്ച് കൂടുതലായി ആവശ്യമുള്ളവ കണ്ടെത്തി പട്ടിക തയ്യാറാക്കുക.
   b. ആശുപത്രിയിലെ ഡോക്ടർമാർ, മറ്റു ജീവനക്കാർ, രോഗികൾ, ബന്ധുക്കൾ എന്നിവരടങ്ങുന്ന സ്റ്റേക്ക് ഹോൾഡർ ഗ്രൂപ്പുമായി ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ചർച്ച നടത്തുകയും ആവശ്യകതാ നിർണ്ണയം നടത്തുകയും ചെയ്യാവുന്നതാണ്.

c. ആവശ്യകതാ നിർണ്ണയ ചർച്ചകളിലൂടെ ലഭിച്ച വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ആരോഗ്യ-എഞ്ചിനീയറിംഗ് വിദഗ്ദ്ധരുടേയും സാമൂഹ്യ പ്രവർത്തകരുടേയും സാന്നിദ്ധ്യത്തിൽ വിശകലനം ചെയ്ത് പദ്ധതി ആശയങ്ങൾ രൂപപ്പെടുത്തണം. ഇപ്രകാരം നടത്തുന്ന ആശയ രൂപീകരണത്തിലൂടെ ആശുപത്രിയുടെ സമഗ്ര പരിസ്ഥിതി പരിപാലനവും ശുചിത്വ-മാലിന്യ സംസ്കരണവും ഉൾപ്പെടുന്ന പദ്ധതി തയ്യാറാക്കാവുന്നതാണ്.

അനുബന്ധം 4

## ഹരിതകർമ്മസേനയ്ക്ക് ഏറ്റെടുക്കാവുന്ന മറ്റ് പ്രവർത്തനങ്ങൾ

**1. സ്വാപ് ഷോപ്പുകൾ**

ഒരു വ്യക്തിയ്ക്കോ കുടുംബത്തിനോ ആവശ്യമില്ലാത്ത പുനരുപയോഗക്ഷമമായ വസ്തു / ഉൽപ്പന്നം ഒരു പൊതു സംവിധാനത്തിലൂടെ കൈമാറുന്നതുവഴി ആ വസ്തു മറ്റൊരു വ്യക്തിക്കോ കുടുംബത്തിനോ ഉപയോഗപ്രദമാകുകയും മൂല്യമുള്ള വസ്തുക്കൾ ആവശ്യമുള്ളവരിലെത്തിക്കുക എന്ന രീതിക്ക് വിപുലമായ പ്രചാരണം നൽകുക എന്നുള്ളതുമാണ് സ്വാപ്പ് ഷോപ്പുകളുടെ ലക്ഷ്യം.

ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടുകൂടി ഉപയോഗിച്ചതും വൃത്തിയുള്ളതും പുനരുപയോഗയോഗ്യവുമായ വസ്തുക്കൾ / ഉൽപ്പന്നങ്ങൾ ആവശ്യക്കാർക്ക് സ്വന്തമാക്കുന്നതിനും അതുവഴി പുനരുപയോഗത്തിലൂടെ ഉപയോഗിക്കപ്പെടാത്ത വസ്തുക്കളുടെ അളവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സ്വാപ്പ് ഷോപ്പുകൾ 93 നഗരസഭകളിലും, ബ്ലോക്ക് പഞ്ചായത്തു തലത്തിലും മാസത്തിൽ ഒരു ദിവസമെങ്കിലും സംഘടിപ്പിക്കേണ്ടതും തുടർന്ന് സ്ഥിര സംവിധാനമായി മാറ്റേണ്ടതുമാണ്. താല്പര്യമുള്ള എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഇത് ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

സ്വാപ് ഷോപ്പുകളുടെ പ്രവർത്തനം മറ്റൊരു സംരംഭക സാധ്യതയാണ്. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ നൽകുന്ന വ്യക്തി അത് പൂർണ്ണമായും സൗജന്യമായി നൽകാവുന്നതാണ്. എന്നാൽ അതിന് പ്രതിഫലം ആഗ്രഹിക്കുന്നുണ്ടെങ്കിൽ നൽകുന്ന വസ്തുവിന്റെ ഉദ്ദേശ മൂല്യം കണക്കാക്കി അതിന്റെ 10% നൽകാവുന്നതാണ്. പ്രസ്തുത സാധനം മറിച്ചു നൽകുമ്പോൾ 15-20 ശതമാനം വാങ്ങുന്നയാളിൽ നിന്നും ഈടാക്കാവുന്നതാണ്. സ്വാപ് ഷോപ്പിന്റെ നടത്തിപ്പ് ഹരിതകർമ്മസേനയെ ഏല്പിക്കാവുന്നതാണ്. സ്വാപ്പ് ഷോപ്പ് ആരംഭിക്കുന്നതിന്റെ അടിസ്ഥാന സൗകര്യ ചെലവ് (മൂലധന നിക്ഷേപം) തദ്ദേശ സ്വയം ഭരണ സ്ഥാപനം വഹിക്കേണ്ടതും ആവർത്തന ചെലവ് സ്വാപ് ഷോപ്പിന്റെ നടത്തിപ്പ് ചുമതല ഏൽക്കുന്നവർ വഹിക്കേണ്ടതുമാണ്. സംരംഭ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാൽ ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ ലഭ്യമാകുന്നതിനുള്ള സഹായം ചെയ്തു കൊടുക്കേണ്ടതാണ്. തുടക്കത്തിൽ സ്വാപ്പ് ഷോപ്പ് ലാഭകരമായി പ്രവർത്തിക്കണമെന്നില്ല. ആയതിനാൽ വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കേണ്ടിവരും.

**2.റിപ്പയർ ഷോപ്പുകൾ**

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിക്കും സ്വാപ്പ് ഷോപ്പിനും സമീപം ആരംഭിക്കാവുന്ന മറ്റൊരു സംരംഭ സാധ്യതയാണ് റിപ്പയർ ഷോപ്പുകൾ. എം.സി.എഫിലും, സ്വാപ്പ് ഷോപ്പിലും ലഭിക്കുന്ന പുനരുപയോഗ സാധ്യതയുള്ള ഇലക്ട്രോണിക്, ഇലക്ട്രിക്കൽ ഉൽപന്നങ്ങൾ, ഫർണിച്ചറുകൾ, പ്രഷർകുക്കർ പോലെ അടുക്കളയിൽ ഉപയോഗിക്കുന്ന വസ്തുക്കൾ, വസ്ത്രങ്ങൾ, മുതലായവയുടെ കേടുപാടുകൾ തീർത്ത് മൂല്യ വർദ്ധനവ് വരുത്തി വിപണനം ചെയ്യുകയാണെങ്കിൽ സ്വാപ്പ് ഷോപ്പിന് കൂടുതൽ വരുമാനം ലഭിക്കാനും റിപ്പയർ ഷോപ്പ് പ്രവർത്തിക്കുന്നത് ആദായകരമാക്കാനും സാധിക്കും.

റിപ്പയർ ഷോപ്പുകൾ വിവിധ ട്രേഡുകളിൽ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച അഥവാ പരിശീലനം നേടാൻ താൽപര്യമുള്ള യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പാക്കാവുന്നതാണ്. മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് എന്ന നിലയിൽ പ്രസ്തുത സംരംഭം ആരംഭിക്കാവുന്നതാണ്. എം.സി.എഫിനോടോ സ്വാപ്പ് ഷോപ്പിനോടോ അനുബന്ധമായോ സമീപത്തോ ഇതിനുവേണ്ട അടിസ്ഥാന സൗകര്യം തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരുക്കി കൊടുക്കണം. മൂലധനനിക്ഷേപം തദ്ദേശ സ്വയംഭരണ സ്ഥാപനവും ആവർത്തന ചെലവ് സംരംഭകരും വഹിക്കണം. ഈ പ്രോജക്ടും വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗിന് പരിഗണിക്കാവുന്നതാണ്.

**3.പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും**

ശുചിത്വ-മാലിന്യ സംസ്കരണ കാമ്പയിന്റെ ഭാഗമായി നിർമ്മാർജ്ജനം ചെയ്യപ്പെടുന്ന അജൈവ മാലിന്യങ്ങൾ അതേ രൂപത്തിൽ വീണ്ടും ഉപയോഗിക്കപ്പെടാതിരിക്കണമെങ്കിൽ

ഉല്പന്നങ്ങളുടെ സ്വഭാവത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. പ്ലാസ്റ്റിക് നിർമ്മിത ക്യാരിബാഗ്, കപ്പ്, പ്ലേറ്റ്, പേപ്പർകപ്പ്തുടങ്ങിയവ ദൈനംദിന ഉപയോഗത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുകയും അതിന് പകരം വെക്കാവുന്ന പരിസ്ഥിതി സൗഹൃദ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു നിർമ്മിക്കുന്ന തുണിസഞ്ചി, പേപ്പർ കവർ, പേപ്പർ ബാഗ്, പാള പ്ലേറ്റ്, മൺ പാത്രങ്ങൾ, ചിരട്ട കൊണ്ടുള്ളവ, ചകിരി കൊണ്ടുള്ള ബ്രഷ്, ഈർക്കിൽചൂല് എന്നിവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കേണ്ടതാണ്. നിലവിൽ ഇത്തരം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരു ഗ്രാമപഞ്ചായത്തിന്റെയോ, നഗരസഭയുടെയോ മൊത്തം ആവശ്യം നിർവഹിക്കുന്ന തോതിലുള്ള ഉല്പാദനം നടക്കുന്നില്ല. പ്രസ്തുത യൂണിറ്റുകളുടെ ഉല്പാദനശേഷി കുറവായതിനാൽ യൂണിറ്റുകൾ നഷ്ടത്തിലേക്ക് പോകാനും സാധ്യതയുണ്ട്. ഇത് പരിഹരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും ഇത്തരം യൂണിറ്റുകൾ കൂടുതലായി ആരംഭിക്കേണ്ടതും ജില്ലാ അടിസ്ഥാനത്തിൽ ഇവയെ നെറ്റ്വർക്ക് ചെയ്യുന്നതിലൂടെ മുൻപിൻ ബന്ധങ്ങൾ ഉറപ്പുവരുത്തേണ്ടതുമാണ്. നിലവിലുള്ള ഇത്തരം സംരംഭങ്ങളെകൂടി പ്രസ്തുത നെറ്റ്വർക്കിന്റെ ഭാഗമാക്കേണ്ടതും ഉല്പാദനശേഷി കൈവരിക്കുന്നതിനാവശ്യമായ പിന്തുണ നൽകേണ്ടതുമാണ്.

പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ ഉല്പാദന യൂണിറ്റുകൾ ലാഭകരമായി നടത്തുന്നതിനും ഉല്പന്നങ്ങൾക്ക് ജനശ്രദ്ധ ലഭിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും പ്രത്യേക വിപണന കേന്ദ്രം ആരംഭിക്കുന്നതിലൂടെ സാധിക്കും. ശുചിത്വ മാലിന്യ സംസ്കരണ കാമ്പയിന്റെ ഭാഗമായി നടക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾ സമൂഹത്തിൽ പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ ആവശ്യകത വർദ്ധിപ്പിക്കും.വർദ്ധിച്ചു വരുന്ന ആവശ്യകതക്കനുസൃതമായി ഉല്പാദനവും വിപണനവും മെച്ചപ്പെടുത്തുക വഴി യുണിറ്റുകളും വിപണ കേന്ദ്രങ്ങളും ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയും.

പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾക്ക് പുറമെ ഉറവിട മാലിന്യ സംസ്കരണത്തിനുപയോഗിക്കുന്ന വിവിധതരം ഉപകരണങ്ങൾ (ഉദാ: കിച്ചൺ ബിൻ, മൺകലം കംപോസ്റ്റിംഗ്, ബക്കറ്റ് കമ്പോസ്റ്റിംഗ്, ജൈവ സംസ്കരണ ഭരണി, മണ്ണിര കമ്പോസ്റ്റിംഗ് മുതലായവ), 'ഇനോക്കുലം', മാലിന്യം ഇളക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ലഘുവായ ഉപകരണങ്ങൾ, വീടുകളിലും സ്ഥാപനങ്ങളിലും ശുചിത്വ പരിപാലനത്തിന് ഉപയോഗിക്കുന്ന ബ്രഷ്, ചൂല്, അണുനാശിനി, സോപ്പ്പൊടി എന്നിവയും വിപണന കേന്ദ്രങ്ങളിൽ ലഭ്യമാക്കാവുന്ന താണ്. ശുചിത്വവും മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് വീടുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമുള്ള എല്ലാവിധ സാധനസാമഗ്രികളുടെയും വില്പന ഈ വിപണന കേന്ദ്രത്തിലൂടെ നട ത്താവുന്നതാണ്. ഇതിനാവശ്യമായ മൂലധന നിക്ഷേപം തദ്ദേശ സ്വയം ഭരണ സ്ഥാപനം വഹിക്കേ ണ്ടതും പ്രവർത്തന മൂലധനവും ആവർത്തന ചെലവും സംരംഭകർ കണ്ടെത്തേണ്ടതുമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് ഉപയോഗത്തിനായുള്ള ഈർക്കിൽ ചൂല്, ബ്രഷ്, അണുനാശിനി, സോപ്പ് പൊടി തുടങ്ങിയവ വിപണന കേന്ദ്രത്തിൽ നിന്നും വാങ്ങി വിപണ നത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

അജൈവ മാലിന്യ സംസ്ക്കരണം യാഥാർത്ഥ്യമാക്കുന്നതിന് വീട് വീടാന്തരമുള്ള ശേഖര ണം ഉറപ്പാക്കുകയും എം.സി.എഫ്, സ്വാപ് ഷോപ്പ്, റിപ്പയർ ഷോപ്പ്, വില്പന കേന്ദ്രം (KIOSK)എന്നിവ സ്ഥാപിക്കുകയും വേണം.

**4. ഗ്രീൻ പ്രോട്ടോക്കോളും സംരംഭ സാധ്യതകളും**

ഗ്രീൻ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേനക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.

- വിവാഹങ്ങൾക്കും ഉത്സവങ്ങൾക്കും മറ്റ് പൊതുപരിപാടികൾക്കും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നതിന് ആവശ്യമായി വരുന്ന, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങളും ഗ്ലാസ്സുകളും വാടകയ്ക്ക് നൽകുന്ന സംരംഭം ആരംഭിക്കാവുന്നതാണ്. പ്രവർത്തന മൂലധനം ഹരിതകർമ്മസേനയുടെ സ്വാഭാവിക ഫണ്ടിൽ നിന്നോ ബാങ്ക് ലോൺവഴിയോ സംഘടിപ്പിക്കാവുന്നതാണ്.

- വിവാഹങ്ങളും, പൊതുപരിപാടികളും, പരിശീലനങ്ങൾ, സെമിനാറുകൾ, യോഗങ്ങൾ എന്നിവയും ഇവന്റ്മാനേജ്മെന്റ് മാതൃകയിൽ ഏറ്റെടുത്ത് ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നിശ്ചിത ഫീസ് ഈടാക്കി നടത്തിക്കൊടുക്കുന്ന സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

- ഹോട്ടലുകളിലേയും റസ്റ്റോറന്റുകളിലേയും 'ടേക്ക് എവെ' കൗണ്ടറുകൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളും പ്ലാസ്റ്റിക് പേപ്പറുകളും, അലുമിനിയം ഫോയിൽ പേപ്പറും വീടുകളിലെത്തിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. പ്രവർത്തന മികവുള്ള ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും 'ടേക്ക് എവെ' (പാർസൽ) കൗണ്ടറിൽ എത്തുന്ന ഉപഭോക്താക്കൾക്ക് കാസറോൾ, ടിഫിൻ കാരിയർ, ടിഫിൻ ബോക്സ്, സ്റ്റീൽ തൂക്കുപാത്രം മറ്റ് സ്റ്റീൽ പാത്രങ്ങൾ എന്നിവ വാടകക്ക് നൽകുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. ഡെപ്പോസിറ്റ് നൽകികൊണ്ടു പോകുന്ന പാത്രങ്ങൾ മടക്കി നൽകുമ്പോൾ ഡെപ്പോസിറ്റ്തുക തിരികെ നൽകാവുന്നതാണ്. ഇത് ഗ്രീൻ പ്രോട്ടോക്കോളിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനും ജീവിത ശൈലിയിൽ മാറ്റം വരുത്തുന്നതിനും സഹായിക്കും.

## റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

തദ്ദേശഭരണ സ്ഥാപനം സ്ഥാപിക്കുന്ന അജൈവമാലിന്യ സംഭരണകേന്ദ്ര(Material Collection Facility - MCF)ങ്ങളിൽ നിന്നും ക്ലീൻകേരള കമ്പനിക്ക് കൈമാറുന്ന അജൈവമാലിന്യങ്ങളുടെ രണ്ടാംഘട്ട തരംതിരിവിനും ഷ്രെഡിങ്ങും ബെയിലിംഗും അടക്കമുള്ള പ്രവർത്തനങ്ങൾക്കും വേണ്ടി സ്ഥാപിക്കുന്ന കേന്ദ്രങ്ങളാണ് റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF). ഇവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ ക്ലീൻ കേരള കമ്പനിയും തദ്ദേശഭരണ സ്ഥാപനങ്ങളുമായി കൂടിയോലോചിച്ച് നിശ്ചയിക്കേണ്ടതാണ്.

ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും സ്ഥലാധിഷ്ഠിത വിതരണവും കണക്കാക്കി ഉചിതമായ സ്ഥലങ്ങളിൽ ആവശ്യമുള്ളത്ര എണ്ണം ആർ.ആർ.എഫ് സ്ഥാപിക്കേണ്ട താണ്. ഇതിനുള്ള പ്രാഥമിക പഠനം നടത്തി, പ്രായോഗിക പ്രവർത്തന പരിപാടി തയ്യാറാക്കി നൽകാൻ ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്താവുന്നതാണ്.

റോഡുകളും തെരുവുകളും വൃത്തിയാക്കുന്നതിലൂടെ ലഭിക്കുന്ന മാലിന്യം (Sweeping Waste) തരംതിരിക്കുന്നതിനും, പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ കഴുകുന്നതിനും, ഷ്രെഡിങ്ങിനും ബെയിലിംഗിനും ഉപയോഗിക്കാവുന്ന ആധുനിക യന്ത്ര സംവിധാനങ്ങൾ നിലവിലുണ്ട്. ആവശ്യത്തിനനുസരിച്ച് യന്ത്രവത്കൃത ആർ.ആർ.എഫ് സ്ഥാപിക്കാവുന്നതാണ്.സ്ഥാപിക്കപ്പെടുന്ന ആർ.ആർ.എഫുകളിൽ റീസൈക്ളിംഗിന് വിധേയമാക്കുവാൻ കഴിയാത്ത എല്ലാതരം പ്ലാസ്റ്റിക് ഇനങ്ങളും ഷ്രെഡു ചെയ്താൽ അവ റോഡ് ടാറിങ്ങിനായി പ്രയോജനപ്പെടുത്താം. ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവ് ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവ് (സാധാ) നം.3119/2016/ത.സ്വ.ഭ.വ തിയതി 17.01.2016) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ആർ.ആർ.എഫിൽ സ്ഥാപിക്കേണ്ട പ്ലാസ്റ്റിക് ഷ്രെഡിങ്, ബെയ്ലിംഗ് യൂണിറ്റുകൾ ടെന്റർ നടപടികൾ ഒഴിവാക്കി വാങ്ങി സ്ഥാപിച്ചു നൽകുന്നതിലേക്കും സാങ്കേതിക സഹായം നൽകുന്നതിനും ക്ളിൻ കേരള കമ്പനിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. (സർക്കാർ ഉത്തരവ് (സാധാ) നം.1641/2017/ത.സ്വ.ഭ.വ തീയതി 19.05.2017).

സ്വന്തമായി ആർ.ആർ.എഫ് സ്ഥാപിക്കുന്നില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹരിതകർമ്മസേനകൾ വഴി അജൈവമാലിന്യം ശേഖരിച്ച് അജൈവമാലിന്യ സംഭരണ കേന്ദ്ര(Material Collection Facility - MCF)ങ്ങളിൽ താത്ക്കാലികമായി സൂക്ഷിക്കുകയും മുൻനിശ്ചിത കരാർ പ്രകാരം ക്ലീൻകേരള കമ്പനിക്ക് കൈമാറുകയും ചെയ്യേണ്ടതാണ്. ഉചിതമായ സ്ഥലം കണ്ടെത്തി റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) ക്ലീൻകേരള കമ്പനി സ്ഥാപിച്ച് പ്രവർത്തിപ്പിക്കും. ഇതിനുള്ള സ്ഥലം കണ്ടെത്തുന്നതിനും ഫെസിലിറ്റി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ സഹായം ഹരിതകേരളംമിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നൽകേണ്ടതുമാണ്.

റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) സ്ഥാപിക്കപ്പെടുന്നയിടങ്ങളിൽ അവയുടെ പരിപാലനം ക്ലീൻകേരള കമ്പനി ആവശ്യപ്പെടുന്നുവെങ്കിൽ ഒരു അധിക ഉത്തരവാദിത്തമായി അവിടെയുള്ള ഹരിതകർമ്മസേനയ്ക്ക് ഏറ്റെടുക്കാവുന്നതാണ്.